2016 ആഗസ്റ്റ് 10
വാല്യം 09
ലക്കം 15

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08


# ചർച്ച് ഓഫ് ഗോഡ് ഇലക്ഷൻ ആഗസ്റ്റ് 23-ന്

* പാസ്റ്റർ സി. സി. തോമസിന് മുൻതൂക്കം * പാസ്റ്റർ ജെ. ജോസഫിന് തെരഞ്ഞെടുപ്പ് ചുമതല

* പാസ്റ്റർ പി. ജെ. ജെയിംസ് പുറത്തേക്ക് * വിശ്വാസികൾക്ക് വോട്ടവകാശം ഇല്ല



പാസ്റ്റർ സി. സി. തോമസ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ ഇവാലുവേഷനും പ്രിഫറൻസ് ബാലറ്റും ആഗസ്റ്റ് 23-ന് നടക്കും. അനിശ്ചിതത്വങ്ങൾക്കു ഒടുവിൽ വേൾഡ് മിഷൻ ഇലക്ഷൻ തീരുമാനം പ്രഖ്യാപിക്കുകയായിരുന്നു. ജൂൺ 14ന് നടത്തേണ്ടിയിരുന്ന തെരഞ്ഞെടുപ്പ് ഒരു വിഭാഗം വിശ്വാസികൾ തടഞ്ഞത് വിവാദമായിരുന്നു. ഇലക്ഷൻ സ്റ്റേ ചെയ്യാൻ കോടതിയിൽ നടത്തിയ നീക്കം പരാജയപ്പെട്ടതിന് ശേഷം പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയും സൂപ്രണ്ടിനെ തടഞ്ഞും ഇലക്ഷൻ അലങ്കോലപ്പെടുത്തുകയായിരുന്നു. പരാജയം തിരിച്ചറിഞ്ഞ നേതൃത്വം തെരഞ്ഞെടുപ്പ് തടസ്സപ്പെടുത്തി കോടതിയുടെ നിയമ സാങ്കേതികത്വത്തിൽ തൂങ്ങി അധികാരത്തിൽ തുടരാനുള്ള നീക്കമാണ് നടത്തിയത്. സൂപ്രണ്ടിനെ അറസ്റ്റ് ചെയ്യിക്കാൻ ചിലർ നടത്തിയ ഗൂഢാലോചന പുറത്തു വന്നിരിക്കുകയാണ്. പതിറ്റാണ്ടുകൾ വേൾഡ് മിഷന്റെ ശമ്പളം അനുഭവിച്ചവർ വേൾഡ് മിഷന്റെ പ്രതിനിധിയെ ലോക്കപ്പിൽ അടയ്ക്കാൻ നടത്തിയ നീച നീക്കം പെന്തെക്കോസ്ത് സമൂഹം ഞെട്ടലോടെയാണ് കണ്ടത്. കാണ്ടാമൃഗത്തെപോലും തോല്പിക്കുന്ന തൊലിക്കട്ടിയുള്ള ഇത്തരക്കാർ പി. സി. ചാക്കോയും എം. വി. ചാക്കോയും ഇരുന്ന കസേരയുടെ മഹത്വം അറിയാത്തവരാണ്. സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ തീരുമാനിച്ചുവെന്ന് വേൾഡ് മിഷനെ തെറ്റിദ്ധരിപ്പിക്കുകയായി

07

## തെരഞ്ഞെടുപ്പ് ചുമതല പാസ്റ്റർ ജെ. ജോസഫിന്



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ പി. ആർ. ബേബി



പാസ്റ്റർ കെ. സി. ജോൺ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഓവർസീയർ ഇലക്ഷൻ ചുമതല പാസ്റ്റർ ജെ. ജോസഫിന് നൽകി. സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ. ആൻഡേഴ്സനാണ് ചുമതല നൽകിയത്. ഇപ്പോൾ കൗൺസിൽ സെക്രട്ടറിയായ ഇദ്ദേഹം യൂത്ത് ഡയറക്ടർ, ഗവേണിംഗ് ബോഡി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കോഴഞ്ചേരി ഡിസ്ട്രിക്ട് പാസ്റ്ററാണ്. എറണാകുളം ഫെയ്ത്ത് സിറ്റി സഭയുടെ സീനിയർ ശുശ്രൂഷകനായ പാസ്റ്റർ പി. ആർ. ബേബിയാണ് കൗണ്ടിംഗ് ഏജന്റ്. മുൻ ഓവർസീയറും നാഷണൽ റെപ്രസന്റേറ്റീവുമായ പാസ്റ്റർ കെ. സി. ജോൺ തെരഞ്ഞെടുപ്പ് നിരീക്ഷകനാണ്. എല്ലാവിധ അച്ചടക്കത്തോടും കൂടെ സ്വതന്ത്രവും നീതിപൂർവ്വവുമായി തെരഞ്ഞെടുപ്പ് നടത്തുമെന്ന് പോളിംഡ് ഓഫീസർ ജെ. ജോസഫ് ജേണലിനോട് പറഞ്ഞു.

# 35-ാമത് പിസിനാക്ക് ഒഹായോയിൽ 2017 ജൂൺ 29 മുതൽ ജൂലൈ 2 വരെ



പാസ്റ്റർ ടോമി ജോസഫ്



ബ്രദർ ജെയിംസ് ഏബ്രഹാം



ബ്രദർ സാക്ക് ചെറിയാൻ



ബ്രദർ ജോഷിൻ ഡാനിയേൽ


രാജൻ ആര്യപ്പള്ളിൽ
നാഷണൽ പബ്ലിസിറ്റി കോർഡിനേറ്റർ


**അറ്റ്ലാന്റാ:** നോർത്തമേരിക്കയിലും കാനഡയിലും ചിതറി പാർത്ത മലയാളി പെന്തെക്കോസ്തുകാരുടെ ഐക്യ കൂട്ടായ്മയായ 35-ാമത് മലയാളി പെന്തെക്കോസ്ത് സമ്മേളനം (പിസിനാക്ക് 2017) കൊളമ്പസ് ഹായോയിൽ ഹയത്ത് റീജൻസ് & ഗ്രെയിറ്റർ കൊളമ്പസ് കൺവൻഷൻ സെന്റർ (355 നോർത്ത് ഹൈ സ്ട്രീറ്റ്, കൊളമ്പസ്, ഒഹായോ 43215) വെച്ച് 2017 ജൂൺ 29 മുതൽ ജൂലൈ 2 വരെ നടക്കും. കഴിഞ്ഞ 34 വർഷങ്ങളിലായി അമേരിക്കയിലും കാനഡയിലുമായി നടന്നുകൊണ്ടിരിക്കുന്ന ഈ വാർഷിക സമ്മേളനത്തിന്റെ പ്രവർത്തന കമ്മറ്റി രൂപം കൊണ്ടു.

ഡാളസിൽ വെച്ചു ജൂലൈ 1-ാം തിയതി നടന്ന ബിസിനസ്സ് മീറ്റിംഗിൽ വിവിധ സംസ്ഥാന പ്രതിനിധികളെ തിരഞ്ഞെടുക്കുകയും, തുടർന്ന് നാഷണൽ കൺവീനർ പാസ്റ്റർ ടോമി ജോസഫിന്റെ നേതൃത്വത്തിൽ കൂടിയ ആലോചനായോഗത്തിൽ വെച്ച് ബ്രദർ ജെയിംസ് ഏബ്രഹാം (ന്യൂയോർക്ക്) നാഷണൽ സെക്രട്ടറി, ബ്രദർ സാക്ക് ചെറിയാൻ (ഒക്കലഹോമ) നാഷണൽ ട്രഷറർ, ബ്രദർ ജോഷിൻ ഡാനിയേൽ (ഹൂസ്റ്റൺ) നാഷണൽ യൂത്ത് കോർഡിനേറ്റർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയെ തിരഞ്ഞെടുത്തു. ബ്രദർ രാജൻ ആര്യപ്പള്ളിൽ മീഡിയ - പബ്ലിസിറ്റി കോർഡിനേറ്ററായും, പാസ്റ്റർ വർഗ്ഗീസ് ജോൺ പ്രയർ കോർഡിനേറ്ററായും നിയമിക്കപ്പെട്ടു.

കോട്ടയം വാഴൂർ സ്വദേശിയായ നാഷണൽ കൺവീനർ പാസ്റ്റർ ടോമി ജോസഫ് 1991-ൽ അമേരിക്കയിൽ കുടിയേറിപാർത്തു. കഴിഞ്ഞ 22 വർഷമായി കൊളംബസ് പെന്തക്കോസ്തൽ അസംബ്ലിയുടെ ശുശ്രൂഷകനായി

02

# ഐ. പി. സി. ഫാമിലി കോൺഫൻസ് സമാപിച്ചു അടുത്ത കോൺഫറൻസ് ന്യൂജേഴ്സിയിൽ




**ഫ്ളോറിഡ:** ജൂലൈ 28 മുതൽ 31 വരെ സൗത്ത് ഫ്ളോറിഡായിൽ നടന്ന 14-ാമത് ഐ. പി. സി. നോർത്തമേരിക്കൻ ഫാമിലി കോൺഫറൻസ് സമാപിച്ചു. പാസ്റ്റർ ഇട്ടി ഏബ്രഹാം അധ്യക്ഷത വഹിച്ച യോഗത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോൺ തോമസ് ഉത്ഘാടനം നിർവ്വഹിച്ചു. വിവിധ സെക്ഷനുകളിൽ പാസ്റ്റർമാരായ രാജു മേത്ര, കെ. ജെ. തോമസ്, ഡോ. വത്സൻ ഏബ്രഹാം, റോയി മാർക്കര, ഷിബു നെടുവേലിൽ, ഡോ. ജെസി ജെയ്സൺ, ജേക്കബ് മാത്യു, അലക്സ് മത്തായി, എബി പീറ്റർ, വി. പി. ജോസ്, ഡോ. റെയ്ച്ചൽ വർഗീസ്, സാമുവേൽ ജോൺ, ഡോ. മാത്യുകുട്ടി ശാമുവേൽ, ഡോ. തോമസ് ഇടിക്കുള, ജോസഫ് ജയിംസ്, ഷിബു തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ കെ. വി. ഏബ്രഹാം, ഡോ വിൽസൺ വർക്കി എന്നിവർ മോഡറേറ്റർമാരായിരുന്നു. പാസ്റ്റർ ജോസഫ് വില്യംസ്, പാസ്റ്റർ ബഥേൽ ജോൺസൺ, ജയിംസ്

06

## സാക്ഷി



ഐ. പി. സി. തെരഞ്ഞെടുപ്പ് അസാധുവാകുമെന്ന് നേതാവ്

*ദൈവം കൈവിട്ട കേസല്ലേ ഇനി കോടതി തീരുമാനിക്കട്ടെ.*

# ഏദർ തോട്ടം നിലനിന്നിരുന്ന പ്രദേശത്തെ യുനെസ്കോ ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചു


പ്രകാശ് പി. കോശി


തെക്കൻ ഇറാക്കിലെ അഹവർ മേഖലയെ യുനെസ്കോ വേൾഡ് ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചു. ഏദെൻ തോട്ടം നിലനിന്നിരുന്നു എന്ന് വിശ്വസിക്കുന്ന ഈ പ്രദേശം ചതുപ്പിനാലും വെള്ളത്താലും നിറയപ്പെട്ടതാണ്.

ഏറ്റവും വരണ്ടതും താപനില കൂടിയതുമായ കാലാവസ്ഥയിൽ വെള്ളത്തിന്റെ സാന്നിധ്യം കൊണ്ട് ചതുപ്പ് പ്രദേശമായി മാറിയ ലോകത്തിലെ ഏറ്റവും വലിയ ഡെൽറ്റയാ



ണിത്. 1990-കളിൽ സദ്ദാം ഹുസൈൻ ഈ പ്രദേശത്തെ വെള്ളം വറ്റിച്ച് ഇതിനെ ഒരു വരണ്ട ഭൂമിയാക്കാൻ ശ്രമിച്ചിരുന്നു. സർക്കാർ വിരുദ്ധ സംഘങ്ങൾ ഇവിടെ ഒളിത്താവളം ഒരുക്കുന്നു എന്നതായിരുന്നു കാരണം. എന്നാൽ ഇന്നത്തെ ഇറാക്ക് ഗവൺമെന്റ് ഈ പ്രദേശത്തെ സംരക്ഷിക്കാനും പഴയ അവസ്ഥയിലേക്ക് കൊണ്ട് വരുവാനും ശ്രമിച്ചു.

ചതുപ്പും വെള്ളക്കെട്ടിനും ഉപരിയായി ചരിത്ര നഗരങ്ങളുടെ ഭൂമികൂടിയാണ് ഈ പ്രദേശം. പുരാതന ന

07

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# എന്തുകൊണ്ട് പാസ്റ്റർ സി. സി. തോമസ്?

## എനിക്കും പറയാനുണ്ട്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ആഗസ്റ്റ് 23–ന് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ ഇലക്ഷൻ നടക്കുകയാണല്ലോ. നടക്കും നടക്കില്ല എന്ന മട്ടിൽ അനന്തമായി നീണ്ട തെരഞ്ഞെടുപ്പ് അന്തിമഘട്ടത്തിലാണ്. ഇലക്ഷൻ നടക്കാതിരിക്കുവാൻ എല്ലാ ശ്രമവും അണിയറയിൽ നടക്കുന്നുമുണ്ട്. അധികാര കസേര വിട്ടൊഴിയുവാൻ കഴിയാത്ത അഭിനവ ആത്മീയരുടെ തന്ത്രങ്ങൾ എന്താണ് എന്ന് ഇക്കുറി ഓവർസീയറുടെ ഇലക്ഷനോടനുബന്ധിച്ച് നന്നായി കാണുവാൻ കഴിഞ്ഞു. പുറമെ ആത്മീയനെന്ന് അഭിനയിക്കുകയും അധികാരത്തോടും കസേരയോടും താല്പര്യമില്ലെന്ന് പറയുകയും എന്നാൽ അത് കിട്ടുവാൻ വേണ്ടി എന്ത് വേഷം കെട്ടാനും തയ്യാറാകുകയും ചെയ്യുന്ന നേതാവിന്റെ തനിനിറം എല്ലാവർക്കും ബോധ്യമാകുകയും ചെയ്തു.

സാധാരണ ശുശ്രൂഷകർ പ്രതികരിക്കുവാൻ ലഭിക്കുന്ന ഏക അവസരമാണ് ഇത്തരം തെരഞ്ഞെടുപ്പുകൾ. ഭരിക്കുവാനും നയിക്കുവാനും ലഭിച്ച അവസരം നന്നായി വിനിയോഗിച്ച നേതാക്കന്മാർക്ക് തെരഞ്ഞെടുപ്പിൽ ഭയപ്പെടേണ്ട കാര്യമില്ല. എന്നാൽ കസേര കിട്ടിയപ്പോൾ ജയിപ്പിച്ചവരെ മറന്ന് പ്രവർത്തിച്ചതിന്റെ അനന്തര ഫലമാണ് ഇപ്പോഴുള്ള നേതൃത്വം അനുഭവിക്കുന്നത്. ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ ഇത്രയധികം പരാജയപ്പെട്ട ഒരു നേതൃത്വം ഇതിനുമുമ്പ് ഉണ്ടായിട്ടേയില്ല. അതുപോലെ തന്നെ സംഘർഷഭരിതമായ മറ്റൊരു കാലയളവും ഉണ്ടായിട്ടില്ല. പരസ്പരം തല്ലിച്ചും ഭിന്നിപ്പിച്ചും ഭരിച്ച നേതാവിനെയും ഇതിനുമുമ്പ് ദൈവസഭയുടെ ചരിത്രത്തിൽ കാണുവാൻ കഴിയില്ല. ആടുകളെ തമ്മിലിടിപ്പിച്ച് ചോര കുടിച്ച കുറുക്കന്റെ കഥഈ നേതാവിന് നന്നായി ഇണങ്ങും. വിശ്വാസികളെയും ശുശ്രൂഷകരെയും രണ്ട് ധ്രുവത്തിൽ നിർത്തി ഭരണം ഇദ്ദേഹം മുമ്പോട്ട് കൊണ്ടുപോയി. എന്നാൽ ആത്മീയരായ വിശ്വാസികൾ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. വിശ്വാസികളുടെ ഇടയിലെ ചില അനാത്മീകരെ കൂടെ നിർത്തി ആത്മീയർക്കെതിരെ നടത്തിയ നീക്കങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. കസേര മോഹികളായ ചില നേതാക്കന്മാർ കൂടെ കൂടിയതിന്റെ പിന്നിലും അധികാരമോഹം തന്നെ.

ഈ ഇലക്ഷൻ ഒരു മാറ്റത്തിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പായിരിക്കും. മൂല്യവും തനിമയും നഷ്ടപ്പെട്ട ചർച്ച് ഓഫ് ഗോഡിന്റെ സംസ്കാരം തിരികെ കിട്ടുവാനുള്ള അവസരമാണിത്. ഊമക്കത്തുകളും അപവാദപ്രചരണവും വ്യാപകമായും കൂട്ടായും നടത്തി പാസ്റ്റർ സി. സി. തോമസിനെ ഇല്ലായ്മ ചെയ്യുവാനുള്ള ഗൂഢശ്രമം ഇവിടെ നടന്നു. എന്നാൽ അദ്ദേഹത്തെ അറിയുന്നവരും സത്യാന്വേഷികളും യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് പാസ്റ്റർ സി. സി. തോമസിന് പിന്തുണ നൽകുകയാണ്. ചർച്ച് ഓഫ് ഗോഡിന്റെ ശാപങ്ങളിൽ ഒന്നാണ് ഊമക്കത്ത് വീരന്മാർ. സ്റ്റേജുകൾ ഇളക്കിമറിക്കുന്നവരും ആത്മീയ വേഷം കെട്ടുന്നവരുമൊക്കെ ഇതിന്റെ പിന്നണിയിലുണ്ട്. ബിലീവേഴ്സ് ജേണലിന് കഴിഞ്ഞ ദിവസവും ഒരു ഊമക്കത്ത് റാന്നിയിൽ നിന്ന് ലഭിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ വാർത്തകൾ അപ്രിയമായവ വരുന്ന സമയത്തെല്ലാം റാന്നി വടശ്ശേരിക്കരയിൽ നിന്നും പോസ്റ്റ് ചെയ്യുന്ന ഊമക്കത്ത് പതിവായി ജേണലിന്റെ ഓഫീസിൽ വരാറുണ്ട്. ഇതിന്റെ പിന്നിലെ ശക്തി ഏതെന്ന് മനസ്സിലാക്കാൻ അരിയാഹാരം കഴിക്കുന്ന ആർക്കും കഴിയും. വിദേശസഞ്ചാര സമയത്തും അണികളെ അണി നിരത്തുന്ന നേതാവിന്റെ തന്ത്രം മനസ്സിലാക്കാൻ സാമാന്യബുദ്ധി മാത്രം മതി. ഇതൊക്കെ കൊണ്ട് തന്നെയാണ് പാസ്റ്റർ സി. സി. തോമസിനെപ്പോലെയുള്ളവർ അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും.

ഓവർസീയർ എന്നത് അഡ്മിനിസ്ട്രേഷന്റെ ഭാഗമാണ്. അവിടെ ആവശ്യം ഭാഷ, വിദ്യാഭ്യാസം, ഭരണപാടവം, അഴിമതി രഹിതമായ പശ്ചാത്തലം, സ്വഭാവശുദ്ധി എല്ലാവരെയും ഒരുപോലെ കാണുവാൻ ഉള്ള മനസ്സ്, ദ്രവ്യാഗ്രഹമില്ലായ്മ തുടങ്ങിയവയാണ്. നല്ല പെരുമാറ്റം, മാന്യമായ ഭാഷ തുടങ്ങിയവയും ഇതിന് ആവശ്യമായ ഘടകമാണ്. സ്കൂൾ ഫൈനൽ എങ്കിലും പാസ്സായവർ വരണം എന്ന് പറയുന്നത് തെറ്റാണെന്ന് ഞാൻ കരുതുന്നില്ല. പ്രസംഗിക്കുന്നതിനോ വിവാഹശുശ്രൂഷ നടത്തുന്നതിനോ ഒന്നും വിദ്യാഭ്യാസം ഘടകമല്ലായിരിക്കാം. ശുശ്രൂഷ ചെയ്യുവാൻ ആവശ്യം ദൈവവിളിയും ദൈവീക നിയോഗവുമാണ്. ശുശ്രൂഷയെ നിയന്ത്രിക്കുന്നതും സഹായിക്കുന്നതും പരിശുദ്ധാത്മാവാണ്. എന്നാൽ അത്തരം ശുശ്രൂഷയും അഡ്മിനിസ്ട്രേഷനും രണ്ടുനിലയിൽ കാണണം. ഒരു സഭയുടെ അഡ്മിനിസ്ട്രേഷൻ നടത്തുവാൻ നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് അടിസ്ഥാനപരമായ യോഗ്യത ഉണ്ടാകണം.

നിർഭാഗ്യകരമായി എനിക്ക് തോന്നിയിട്ടുള്ളത് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ 65 വയസ്സ് എന്ന പെൻഷൻ പ്രായമാണ്. ആത്മീക നേതൃത്വത്തിൽ ഏറ്റവും കുറഞ്ഞത് 70 വയസ്സുവരെ എങ്കിലും പ്രവർത്തിക്കുവാൻ അവസരം കൊടുക്കണം. ഇക്കുറിയും 65 എന്ന കടമ്പ കാട്ടി പാസ്റ്റർ ഈപ്പൻ ചെറിയാനെ ഓവർസീയർ (ഇലക്ഷൻ കമ്മീഷണർ) കൗൺസിലിൽ മത്സരിക്കുവാൻ അനുവദിച്ചില്ല. അതേ മാനദണ്ഡപ്രകാരം പാസ്റ്റർ പി. ജി. മാത്യൂസിനും മത്സരിക്കുവാൻ കഴിയുകയില്ല. ഇനി വരുന്ന നേതൃത്വം ഇതിന് അടിയന്തരമായി മാറ്റം വരുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. ദൈവസഭയിലെ ശുശ്രൂഷകരോട് എനിക്ക് പറയുവാനുള്ളത് പാസ്റ്റർ സി. സി. തോമസ് എന്ന പ്രാർത്ഥനാ മനുഷ്യനെ നിങ്ങൾ പിന്തുണയ്ക്കണം. എന്തുകൊണ്ടെന്നാൽ അത് മാന്യതയുടെ മുഖമാണ്. മാറണം ഒരു സംസ്കാരം. രൂപപ്പെടണം മാന്യമായ മറ്റൊരു സംസ്കാരം. ചർച്ച് ഓഫ് ഗോഡ് എന്ന മഹത്തായ ഈ പ്രസ്ഥാനത്തിന്റെ ശോചനീയമായ ഇന്നത്തെ അവസ്ഥ മാറി സഭ പച്ചപിടിക്കണം. വിശ്വാസികളെയും ശുശ്രൂഷകരെയും ഒരുമിച്ച് നയിക്കുവാൻ കഴിയണം. അതിന് ആത്മീയതയും നിയോഗവുമുള്ള പാസ്റ്റർ സി. സി. തോമസ് ആകട്ടെ.

## യുവജന പംക്തി

# യുവജനങ്ങൾ No പറയേണ്ട 10 കാര്യങ്ങൾ



ബിനു വടശ്ശേരിക്കര

**8. Say No to arrogance** (അഹങ്കാര ഭാവത്തോട് No പറയുക)

അറിവും പഠനവും നമ്മുടെ വിനയം വർദ്ധിപ്പിക്കണം. ഒപ്പം അനുസരണവും വിധേയത്വവും. 'താഴ്ന്ന നിലത്തേ നീരോടൂ, അവിടെ ദൈവം കൃപ ചെയ്യൂ' എന്നത് മറക്കരുത്. താഴുവാൻ തയ്യാറായാൽ ദൈവം നമ്മെ ഉയർത്തും. അഹങ്കാരം, സ്വയം പുകഴ്ത്തൽ, അഹംഭാവം, എന്നെ കവിഞ്ഞ് ആരും ഇല്ലെന്ന തോന്നൽ, എല്ലാം അറിയാം എന്ന മിഥ്യാധാരണ, ആരും എന്നെ പഠിപ്പിക്കേണ്ട എന്ന ചിന്ത, ഇവയെല്ലാം അഹങ്കാരത്തിന്റെ സന്താനങ്ങളാണ്. എല്ലാവരും എന്തിലോ എന്നൊക്കെ മികച്ചവരാണ് എന്ന അറിവ് നമ്മെ ഉയർത്തും. ജീവിതത്തിന്റെ ക്ഷണികത നമ്മെ എളിമപ്പെടുത്തണം. എളിമപ്പെടാം: ഉയരാം.

**9. Say No to Negative thoughts** (പരാജയ ചിന്തകളോട് No പറയുക)

ജീവിതത്തിൽ രണ്ടുതരം ചിന്തകളാണ് ഉള്ളത്. ഒന്ന്- **positive thoughts** (ക്രിയാത്മക ചിന്തകൾ) രണ്ട്- **positive thoughts** (നിഷേധാത്മക ചിന്തകൾ). പരാജയ ചിന്തകളാണ് നിഷേധാത്മകം എന്നത് അർത്ഥമാക്കുന്നത്. ഉദാഹരണത്തിന്, ഞാൻ തോല്ക്കും, എന്നെ ഒന്നിനും കൊള്ളില്ല, എനിക്ക് കഴിവുകളില്ല, ഞാൻ വേഗത്തിൽ മരിക്കും തുടങ്ങിയ ചിന്തകൾ ഭരിക്കുന്നവരാണ് ഇത്തരക്കാർ. ഈ ചിന്തകൾ പൈശാചികമാണ്. ഇത്തരം ചിന്തകൾ നിങ്ങളെ കീഴടക്കിയിരിക്കുന്നെങ്കിൽ നിങ്ങൾ പരാജയപ്പെടും. ഇവയെ പുറകിലെറിഞ്ഞ് പോസിറ്റീവായ ചിന്തകൾ കൊണ്ട് മനസു നിറയ്ക്കുക. പരാജയം ആദ്യം സംഭവിക്കുന്നത് മനസിലാണ് എന്നതു വളരെ ശരിയാണ്. മനസിൽ പരാജയപ്പെട്ടവർ ജീവിതത്തിലും പരാജിതനാണ്. എനിക്കു കഴിയും എന്ന ചിന്ത മനസിൽ നിറയണം. പൗലോസ് എന്ന എഴുത്തുകാരൻ പറയുന്നു, എനിക്ക് ശക്തി തരുന്ന ദൈവം എന്റെ കൂടെയുള്ളപ്പോൾ എല്ലാം എനിക്ക് സാധ്യമാണ്.

**Where there is a will there is a way** എന്നത് ഓർക്കുക. മനസ്സുണ്ടെങ്കിൽ അസാധ്യമായത് ഒന്നുമില്ല. നമുക്ക് ശക്തി തരുന്ന ദൈവം കൂടെയുണ്ടെന്ന ബോധ്യം നമ്മെ വഴിനടത്തട്ടെ.

**10. No to Voilence and bad words** (അക്രമത്തോടും ചീത്ത വാക്കുകളോടും No പറയുക)

സമൂഹത്തിൽ മാന്യരായി ജീവിക്കണം എങ്കിൽ അക്രമവും അനാവശ്യ വാക്കുകളും ഒഴിവാക്കാം. ഒരാളുടെ നിലവാരം അറിയുന്നത് വിദ്യാഭ്യാസം അനുസരിച്ചല്ല, മറിച്ച് വാക്കുകൾ വിലയിരുത്തിയാണ്. "ശണ്ഠ ഇടുന്നവന്റെ കൂടെ സഖിത്യം അരുത് എന്ന് മഹാനായ ശലോമോൻ ഓർപ്പിക്കുന്നു. വാൾ എടുക്കുന്നവൻ വാളാൽ എന്നതുപോലെ അക്രമി എന്നും അക്രമിക്കപ്പെടും. ചെറിയ പ്രായത്തിൽ തന്നെ ഇവയോട് വിട പറയാം.

# 01 35–ാമത് പിസിനാക്ക്....

സേവന മനു ഷ്ഠിക്കുന്നു. അനുഗ്രഹീത കൺവൻഷൻ പ്രസംഗകനായ അദ്ദേഹത്തിന്റെ ഭാര്യ: സിനി, മക്കൾ: ജോയിസ്, ജോഷ്വാ, ജോയൽ.

സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ജേയിംസ് ഏബ്രഹാം മാന്നാർ, തിരുവല്ല സ്വദേശിയും, പേരൂർക്കട തിരുവനന്തപുരം ഐ.പി.സി ഫെയ്ത്ത് സെന്റർ അംഗവുമാണ്. ജേയിംസൺ സ്കൂൾ മിനിസ്ട്രീസ് ന്യൂയോർക്ക് കോർഡിനേറ്ററായി പ്രവർത്തിക്കുന്ന അദ്ദേഹം അഡൊനായി ഗോസ്പൽ മിനിസ്ട്രീസിന്റെ സ്ഥാപകനും പ്രസിഡന്റുമാണ്. 2016 നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ പ്രയർ കോർഡിനേറ്ററായിരുന്ന ബ്രദർ ജേയിംസ് ന്യൂയോർക്കിലുള്ള എബനേസർ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് സഭാ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ഭാര്യ: വൽസ, മക്കൾ: വിൻസി, ജോയൽ.

നാഷണൽ ട്രഷറാർ സാക്ക് ചെറിയാൻ കോട്ടയം കൈതമറ്റം ഐ.പി.സി സഭാ അംഗമായിരുന്നു. 1991–ൽ അമേരിക്കയിലേക്ക് കുടിയേറിപാർത്ത അദ്ദേഹം 1992 മുതൽ ഒക്കലഹോമാ ഐ.പി.സി ഹെബ്രോൻ സഭാംഗവും ഇപ്പോൾ ലോക്കൽ സഭയുടെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. കഴിഞ്ഞ നാലുവർഷമായി അനുഗ്രഹമായി നടന്നു വരുന്ന ഒക്കലഹോമ പ്രയർ ലൈനിന് താൻ നേതൃത്വം നൽകുന്നു. ഭാര്യ: ബിജി, മക്കൾ: സന്റിന, അക്സാ, അബിയ.

നാഷണൽ യൂത്ത് കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ജോഷിൻ ഡാനിയേൽ ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ സഭയുടെ പി.വൈ.പി.എ ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. ഹൂസ്റ്റൺ പെന്തെക്കോസ്തൽ ഫെലോഷിപ്പ് സെക്രട്ടറിയായിരുന്ന ജോഷിൻ ഐ.പി.സി മിഡ് വെസ്റ്റ് റീജിയൺ പി.വൈ.പി.എ റ്റാലന്റ് കോമ്പറ്റീഷൻ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. ഭാര്യ: ജോളി, മകൻ: എലൈജ.

ഡോ. റെനി ജോസഫ് ലേഡീസ് കോർഡിനേറ്ററായും, സിസ്റ്റർ മിനി ജോൺ ചിൽഡ്രൻസ് കോർഡിനേറ്ററായും പ്രവർത്തിക്കുമെന്ന് നാഷണൽ കൺവീനർ പാസ്റ്റർ ടോമി ജോസഫ് അറിയിച്ചു.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**സാത്താൻ സഭ ഇന്ത്യയിൽ**

ആന്റൺ ലാവെയ് ആരംഭിച്ച സാത്താൻ സഭയ്ക്ക് ഇന്ത്യയിൽ സജീവ പ്രവർത്തനമുണ്ട്. രാജ്യത്തിന്റെ എല്ലാ നിയമങ്ങളനുസരിച്ചകൊണ്ട് രജിസ്റ്റേർഡ് സംഘടനയാണ് സാത്താൻ സഭ പ്രവർത്തിക്കുന്നതെന്നും നേതൃത്വം അവകാശപ്പെടുന്നു. സാത്താൻ സഭയ്ക്ക് ന്യൂഡൽഹി അടക്കം രാജ്യത്തെ എല്ലാ മെട്രോ നഗരങ്ങളിലും ശാഖകളുണ്ട്. മുന്തിയ ഫ്ളാറ്റുകളിലും നക്ഷത്രഹോട്ടലുകളും കേന്ദ്രീകരിച്ചാണ് സാത്താൻ സഭാ പ്രവർത്തനങ്ങൾ രഹസ്യമായി നടക്കുന്നത്. വിദേശികളും ഇത്തരം സാത്താൻ സഭകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

രാജ്യത്ത് സാത്താൻ സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആദ്യ പരസ്യ സൂചനകൾ ലഭിച്ചത് മിസോറാമിൽ നിന്നാണ്. 2000 ജൂണിൽ മിസോറാം തലസ്ഥാനമായ ഐസ്വാളിൽ ഒരു കൂട്ടം യുവാക്കൾ ഒരു തലയോട്ടിക്കു മുമ്പിൽ രക്തമൊഴുക്കി "സാത്താൻ ദൈവമാണ്" എന്നു പ്രഖ്യാപിച്ചത് ദേശീയ ശ്രദ്ധ നേടിയ വാർത്തയായി മാറി. തുടർന്ന് സമാനമായ നിരവധി സംഭവങ്ങൾ മിസോറാമിൽ കണ്ടെത്തി. സാത്താൻ സഭക്കാർ ബൈബിളുകൾ കത്തിക്കുകയും ക്രിസ്തീയ സഭകൾക്കുനേരെ ആക്രമണം നടത്തുകയും ചെയ്യുന്നതായും കണ്ടെത്തി.

ഇന്നു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സാത്താൻ സഭാ പ്രവർത്തനം നടക്കുന്നുണ്ട്. ഒരു സമയത്ത് മുംബൈയും ഗോവയുമായിരുന്നു സാത്താൻ സഭക്കാരുടെ ശക്തി കേന്ദ്രങ്ങളെങ്കിൽ ഇന്ന് ബാംഗ്ലൂരും ചെന്നൈയുമുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ മെട്രോകളിലും ഇവരുടെ സാന്നിദ്ധ്യം ശക്തമാണ്.

ഇന്റർനെറ്റ് ഉപയോഗിച്ചുള്ള വ്യാപകപ്രചരണം സാത്താൻ സഭക്കാർ ഇന്ത്യയിലും നടത്തുന്നുണ്ട്. ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയാകളിൽ ഇവരുടെ സാന്നിദ്ധ്യം ശക്തമാണ്. മെട്രോ നഗരങ്ങളിൽ പഠനത്തിനും ജോലിക്കുമായെത്തുന്ന യുവതിയുവാക്കളെയാണ് പ്രധാനമായും സാത്താൻ സഭകൾ ലക്ഷ്യം വയ്ക്കുന്നത്. കേവലം ഒരു കൗതുകത്തിനു വേണ്ടി ഇത്തരം വേദികളിലെത്തുന്നവർ വലിയ ദുരന്തമുഖത്തേക്കാണ് അവരറിയാതെ നടന്നടുക്കുന്നത്.



**ദൈവത്തിന്റെ സ്വന്തം നാട്ടിൽ സാത്താനും ദൈവം**

**തിരുവോസ്തി** മോഷണങ്ങളാണ് കേരളത്തിലെ സാത്താൻ സഭയെക്കുറിച്ചുള്ള ആദ്യ സൂചനകൾ നൽകിയത്. ആലപ്പുഴ വെള്ളാപ്പള്ളി സെന്റ് ഫ്രാൻസിസ് പള്ളി അടക്കം നിരവധി കത്തോലിക്കാ പള്ളികളിൽ നിന്നും തിരുവോസ്തികൾ മോഷണം പോയ സംഭവമുണ്ടായി. സാത്താൻ ആരാധനയ്ക്കായി സാത്താൻ സഭക്കാരാണ് ഈ തിരുവോസ്തികൾ മോഷ്ടിച്ചതെന്നാണ് പോലീസ് അന്വേഷണത്തിൽ തെളിയുന്നത്. ഇതെ തുടർന്ന് തിരുവോസ്തി നാവിൽ മാത്രം നല്കിയാൽ മതിയെന്ന് കത്തോലിക്ക ബിഷപ്പുമാർ കല്പന പുറപ്പെടുവിച്ചിരിക്കുകയാണ്. കൈകളിൽ വാങ്ങുന്ന തിരുവോസ്തി സാത്താൻ സേവയ്ക്കായി കടത്തിക്കൊണ്ടുപോകുന്നുവെന്ന വിവരവും പുറത്തുവന്നിരുന്നു.

കേരളത്തിൽ സാമ്പത്തിക, ഐ. ടി തലസ്ഥാനമായ കൊച്ചിയാണ് സംസ്ഥനത്തെ സാത്താൻ സേവക്കാരുടെ കേന്ദ്രം. കൊച്ചിയിൽ മാത്രം സാത്താൻ ആരാധനയുടെ പത്തുകേന്ദ്രങ്ങൾ ഉണ്ടെന്നാണ് കരുതപ്പെടുന്നത്. ബ്ലാക്ക് മാസിനൊപ്പമുള്ള ആഭിചാരകർമ്മങ്ങളും ലഹരിമരുന്നിന്റെ ഉപയോഗവും നഗ്നനൃത്തവുമാണ് ഇത്തരം കേന്ദ്രങ്ങളിൽ പ്രധാനമായും അരങ്ങേറുന്നത്. എറണാകുളം സൗത്ത് ജംഗ്ഷനു സമീപം ആഡംബര ഫ്ളാറ്റിലാണ് ആദ്യ സാത്താൻ സംഘടനയുടെ പ്രവർത്തനം ആരംഭിച്ചത്.

വിദേശ ടൂറിസ്റ്റുകളിലൂടെയാണ് സംസ്ഥാനത്ത് സാത്താൻ സഭയുടെ വേരുകൾ എത്തുന്നത്. സംസ്ഥാനത്ത് കൂട്ടം ചേർന്ന് ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കിടയിലാണ് ബ്ലാക്ക് മാസ് ആദ്യം വ്യാപകമാകുന്നത്.ലഹരിയുടെ ആഴങ്ങളിൽ മുങ്ങിയവർക്ക് സാത്താന്യ ആരാധന മറ്റൊരു ലഹരിയായി മാറുന്നു. ഇപ്പോഴും വിദേശികളുടെ സാന്നിധ്യം കൊച്ചിയിലെ സാത്താൻ ആരാധന കേന്ദ്രങ്ങളിലുണ്ട്. നിലവിൽ കൊച്ചിയിൽ താമസിക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികളെയും യുവ പ്രൊഫഷണലുകളെയും ലക്ഷ്യമിട്ടാണ് സാത്താൻ സംഘടനകൾ പ്രവർത്തിക്കുന്നത്. ഒരിക്കൽ ഇത്തരം സംഘടനകളുടെ വലയിൽ പെട്ടാൽ പിന്നീട് ഇവരിൽ നിന്നും രക്ഷപ്പെടുക ഏറെ ദുഷ്ക്കരമാണ്.

ആഡംബര ഫ്ളാറ്റുകളാണ് ഇത്തരം സംഘടനകൾ സംസ്ഥാനത്തും വാടകയ്ക്കെടുക്കുന്നത്. 666 എന്ന സാത്താന്യ നമ്പർ തന്നെയാണ് ഇത്തരം ആരാധനകേന്ദ്രങ്ങളുടെ ഫ്ളാറ്റുകൾക്കും നല്കുന്നത്. കറുത്ത പെയിന്റടിച്ച മുറികളിലാണ് ബ്ലാക്ക് മാസ് അരങ്ങേറുന്നത്. ബ്ലാക്ക് മാസ് ആരംഭിക്കുന്നതിനു മുമ്പായി എല്ലാവരും കറുത്ത വസ്ത്രങ്ങൾ അണിയും. മന്ത്രോച്ചാരണങ്ങളും, സാത്താനെ പ്രീതിപ്പെടുത്താൻ നഗ്നനൃത്തവുമെല്ലാം ആധുനിക സംഗീത ഉപകരണങ്ങളുടെ അകമ്പടിയിലാണ്. തങ്ങൾ ഏതു മതവിഭാഗത്തിൽ പെട്ട ആളാണോ ആ വിഭാഗത്തിന്റെ വിശ്വാസഗ്രന്ഥത്തെ ബ്ലാക്ക് മാസിൽ പങ്കെടുക്കുന്നവരെല്ലാം അപമാനിക്കുന്നു. ധനസമ്പാദനം, ബിസിനസ് വിജയം, ശത്രുനാശം, പ്രേമ

–തുടർച്ച–

വിജയം തുടങ്ങി തങ്ങളുടെ ലക്ഷ്യങ്ങളെല്ലാം സാധിക്കാനായി ബ്ലാക്ക് മാസിൽ പങ്കെടുക്കുന്നവർ സാത്താനോട് പ്രാർത്ഥിക്കുന്നു. സംസ്ഥാനത്ത് ബ്ലാക്ക് മാസിനായി നരബലി നടത്തിയതായി ഇതുവരെ പോലീസിനു തെളിവു ലഭിച്ചിട്ടില്ല. എന്നാൽ വെള്ളി മൂങ്ങ, ഇരുതലമൂരി തുടങ്ങിയവയെ സാത്താൻ സേവക്കാർ ബലിയർപ്പിച്ചു രക്തം കുടിക്കുന്നു.

കൊച്ചിയിലെ ബ്ലാക്ക് മാസിൽ പങ്കെടുക്കാൻ മുംബൈ, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുപോലും ആരാധനക്കാരെത്തുന്നതായാണ് സൂചന. പ്രത്യേകിച്ച് എല്ലാ മാസവും 13 നു നടക്കുന്ന പ്രത്യേക ബ്ലാക്ക് മാസിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നു.

കൊച്ചിക്കു പുറമെ ആലുവ, കോട്ടയം ജില്ലയിലെ പാലാ, തിരുവനന്തപുരം നഗരം, ആലപ്പുഴ ടൗൺ, കൊല്ലം നഗരം മുതൽ മലബാറിലെ കുടിയേറ്റമേഖലകളിൽ വരെ സാത്താൻ സഭകൾ വലവിരിച്ചു കഴിഞ്ഞു. ആലപ്പുഴയിൽ സാത്താൻ സേവക്കാർ ഒത്തുകൂടിയിരുന്ന ഹാളിൽ പോലീസ് നടത്തിയ റെയ്ഡിൽ ഇവർ ബ്ലാക്ക് മാസിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ കണ്ടെത്തിയിരിക്കുന്നത്.

ഉന്നത വിദ്യാഭ്യാസമുള്ളവരും സമ്പന്നരെയും ലക്ഷ്യമിട്ടുള്ള പ്രചാരണ പരിപാടികളാണ് സാത്താൻ സംഘടനകൾ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. സൗഹൃദത്തിന്റെ വല വിരിച്ച് ഇവർ ഇരകളെ തേടുന്നു. "നിങ്ങളുടെ തൊട്ടടുത്ത് ഇരിക്കുന്ന സഹപാഠിയോ സഹപ്രവർത്തകനോ ഒരു സാത്താൻ സഭാ വിശ്വാസിയാണെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. കാരണം അത്രയേറെ അവർ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു" സംസ്ഥാനത്തെ സാത്താൻ സഭകളെക്കുറിച്ച് അന്വേഷണം നടത്തിയ ഒരു മാധ്യമപ്രവർത്തകൻ പറയുന്നു.

സൗഹൃദം നടിച്ച് ഇത്തരം 06

# ഓവർസീയർ ഇവാലുവേഷന് പുതിയ മാതൃക

**തിരുവല്ല:** ഓവർസീയർ ഇവാലുവേഷന് പുതിയ ബാലറ്റ് മാതൃകയാണ് വേൾഡ് മിഷൻ തയ്യാറാക്കിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് നടന്ന കൽക്കട്ട, മുംബൈ, തമിഴ്നാട്, ആന്ധ്ര, കേരളാ റീജിയൻ എന്നിവിടങ്ങളിൽ ഈ മാതൃകയാണ് അവലംബിച്ചത്. ഓവർസീയർമാരെ വസ്തുനിഷ്ഠമായി വിലയിരുത്താനുള്ള അവസരമാണ് ശുശ്രൂഷകന്മാർക്ക് ലഭിക്കുന്നത്. ഓവർസീയറുടെ വിവിധ മേഖലയിലുള്ള പ്രകടനം വിലയിരുത്തുന്ന പത്തു ചോദ്യങ്ങളാണ് ബാലറ്റ് പേപ്പറിലുള്ളത്. പൂജ്യം മുതൽ പത്തു വരെ മാർക്കാണ് നൽകാവുന്നത്. വളരെ മോശം (മാർക്ക് സാമാന്യത്തിൽ താഴെ) സാമാന്യം ഭേദം, നല്ലത്, വളരെ നല്ലത് എന്നീ ക്രമത്തിലാണ് മാർക്ക് അടയാളപ്പെടുത്തേണ്ടത്. മാതൃകയുള്ള ആത്മീക നേതാവ്, ഭരണപാടവം, സമ്മേളനങ്ങൾ സംഘടിപ്പിക്കാനും ആസൂത്രണം ചെയ്യാനുള്ള കഴിവ്, സാമ്പത്തിക നിർവ്വഹണത്തിലെ കാര്യക്ഷമത, ഓവർസീയറോട് ആവശ്യങ്ങൾ പങ്കുവെയ്ക്കുമ്പോൾ കാണിക്കുന്ന ജാഗ്രത, പ്രതിസന്ധികൾ പരിഹരിക്കാൻ എടുക്കുന്ന താല്പര്യവും സൂക്ഷ്മതയും, ഓവർസീയറുടെ സമയവും സാന്നിധ്യവും എപ്പോഴും ശുശ്രൂഷകന്മാർക്ക് ലഭ്യമാണോ? സുവിശേഷീകരണത്തിലും സഭാസ്ഥാപനത്തിലും കാണിക്കുന്ന ശുഷ്കാന്തി, സ്റ്റേറ്റിനെകുറിച്ചുള്ള തന്റെ ദർശനം നടപ്പിലാക്കുന്നതിലെ വ്യക്തത, ഒരു നേതാവ് എന്ന നിലയിലുള്ള സമഗ്രമായ പ്രതിഛായ തുടങ്ങിയ പത്തു ചോദ്യങ്ങളെയാണ് ഓവർസീയർ അഭിമുഖീകരിക്കേണ്ടി വരുന്നത്. നേതൃത്വപരമായും ഭരണപരമായും തകർന്നടിച്ച നേതൃത്വത്തിന് സഭാസ്ഥാപനത്തിലോ ശുശ്രൂഷകന്മാരുടെ വികാരങ്ങൾ മനസിലാക്കാനോ കഴിഞ്ഞിരുന്നില്ല. പകപോക്കലും ശുശ്രൂഷകന്മാരെ വേട്ടയാടുന്നതും സ്ഥിരം ശൈലിയാക്കിയ നേതൃത്വം വിളിച്ചു കൂട്ടിയ പല യോഗങ്ങളും ആശീർവാദം പറഞ്ഞ് പിരിഞ്ഞിട്ടില്ല. ആസൂത്രണത്തിലും സംഘാടനത്തിലും പരിപാലനവരത്തിലും പ്രശ്നപരിഹാരത്തിലും ദയനീയമായി പരാജയപ്പെട്ട നേതൃത്വത്തിന് 'പൂജ്യം' മാർക്കിന് അർഹതയുണ്ട്. കണക്ക് ചോദിച്ചവർക്ക് എതിരേ നടപടി എടുക്കുന്നവർക്ക് സുതാര്യതയെപ്പറ്റി പറയാൻ എന്തവകാശമാണുള്ളത്. കൺമുമ്പിൽ വിശ്വാസികൾ തമ്മിൽ തല്ലി തലകീറുമ്പോൾ നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. പല സഭകളിൽ നിന്നും വിശ്വാസികൾ സഭ വിട്ടുപോയി. സഭകൾ പിളർന്നു ചിതറി. ധാർമ്മിക തകർച്ച, ഉപദേശപിശക് എല്ലാം നിർബോധം തുടർന്നു. ക്വട്ടേഷൻ സംഘങ്ങൾ, പോലീസ് എന്നിവർ സീയോൻകുന്നിൽ കയറി. ഉപജാപസംഘത്തിന്റെ തടവറയിൽ നിയമം കയ്യിലെടുത്തവർ ബൈബിളിന്റെ പ്രമാണത്തെയും സഭാ പോളിസിയും ചവിട്ടിമെതിച്ചു. എല്ലാ മേഖലയിലും തോറ്റു തുന്നം പാടിയ നേതൃത്വത്തിന് തുടരാൻ അവകാശമില്ല. ഈ വിധിയെഴുത്താണ് ഉണ്ടാകാൻ പോകുന്നത്.



# റവ. ആൻഡ്രൂ ബിൻഡ ഫീൽഡ് ഡയറക്ടർ; റവ. കെൻ ആൻഡേഴ്സൺ സൂപ്രണ്ടായി തുടരും



**ടെന്നസി:** ചർച്ച് ഓഫ് ഗോഡ് ഏഷ്യാ പസഫിക്ക് ഫീൽഡ് ഡയറക്ടറായി റവ. ആൻഡ്രൂ ബിൻഡയെ നിയമിച്ചു. റവ. കെൻ ആൻഡേഴ്സൺ സൗത്ത് ഏഷ്യൻ സൂപ്രണ്ടായി തുടരും. ഇദ്ദേഹത്തിന്റെ സഹധർമ്മിണി കാരൻ ആൻഡേഴ്സനെ സൗത്ത് ഏഷ്യയിലെ മിഷനറിയായും നിയമിച്ചിട്ടുണ്ട്. യു. പി. ജി. പ്രോജക്ടിന്റെ ഇന്റർനാഷണൽ ഡയറക്ടറും കെൻ ആൻഡേഴ്സനാണ്. ഇദ്ദേഹത്തെ സൂപ്രണ്ട് സ്ഥാനത്തുനിന്ന് മാറ്റിയെന്ന വ്യാജപ്രചാരണം ചില കേന്ദ്രങ്ങൾ നടത്തിയിരുന്നു. ചെന്നൈ ജനറൽ ബോഡിൽ ഇദ്ദേഹത്തിനെതിരെ ഊമകത്ത് പ്രചരിപ്പിച്ചവരും വിസാലംഘനകേസിൽ കുടുക്കി ജയിലിൽ അടയ്ക്കാൻ ഗൂഢാലോചന നടത്തിയവരുമാണ് ഈ വ്യാജ പ്രചാരണത്തിനു പിന്നിൽ. യു. പി. ജി.യുടെ സൗത്ത് ഏഷ്യൻ കോഡിനേറ്ററായി പാസ്റ്റർ വി. വി. അലക്സാണ്ടർ, ഈസ്റ്റ് സെൻട്രൽ റീജിയൻ കോഡിനേറ്ററായി പാസ്റ്റർ കെ. എം. തങ്കച്ചൻ, വെസ്റ്റ് സെൻട്രൽ റീജിയൻ കോ-ഓർഡിനേറ്ററായി ജോസഫ് മാത്യു, മിഡിൽ ഈസ്റ്റ് റീജിയൻ കോർഡിനേറ്ററായി സുശീൽ മാത്യു എന്നിവരെയും നിയമിച്ചു.

# ചർച്ച് ഓഫ് ഗോഡ് ജനറൽ അസംബ്ലിക്ക് ഉജ്വല സമാപനം

**ടെന്നസി:** 76-ാമത് ഇന്റർനാഷണൽ ജനറൽ അസംബ്ലിക്ക് അനുഗ്രഹ സമാപ്തി. ജൂലൈ 19 മുതൽ 22 വരെ ടെന്നിസിയിലെ നാഷ്വിലെ മ്യൂസിക് സിറ്റി സെന്ററിൽ വച്ച് നടന്ന അന്തർദേശീയ സമ്മേളനം വ്യത്യസ്തതകൾകൊണ്ട് ശ്രദ്ധേയമായി. സ്ഥാനമൊഴിഞ്ഞ ജനറൽ ഓവർസീയർ റവ. മാർക്ക് വില്ല്യംസാണ്. സമ്മേളനത്തിന് നേതൃത്വം നൽകിയത്. 150 ഓളം രാജ്യങ്ങളിൽ നിന്നും വ്യത്യസ്ത ഭാഷ, സംസ്കാരം എന്നിവ ഒന്നിച്ചു സമ്മേളിച്ചപ്പോൾ സമ്മേളനം വേറിട്ട അനുഭവമായി മാറി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശുശ്രൂഷകന്മാരും മിഷനറിമാരും ഒന്നിച്ചു പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്തപ്പോൾ സ്വർഗ്ഗീയ സന്തോഷം പെയ്തിറങ്ങുകയായിരുന്നു. സെമിനാറുകൾ, പ്രാർത്ഥനാ യോഗങ്ങൾ, കുട്ടികൾക്കും വനിതകൾക്കുംവേണ്ടിയുള്ള യോഗങ്ങൾ, ലീഡർ ഷിപ്പ് സമ്മേളനം, ബിസിനസ്സ് മീറ്റിംഗ്, പാർലമെന്ററി സെഷനുകൾ എന്നിവ നടന്നു. വിവിധ രാജ്യങ്ങളിൽ നിന്നു പങ്കെടുത്ത ഡലിഗേറ്റുകളുടെ ഫ്ളാഗ് മാർച്ച് സാംസ്കാരിക തനിമ വിളിച്ചോതുന്നതായിരുന്നു. ഇന്റർനാഷണൽ ജനറൽ കൗൺസിലിൽ നടന്ന തെരഞ്ഞെടുപ്പിൽ പുതിയ എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു. റവ. തിമോത്തി എം. ഹിൽ (ജനറൽ ഓവർസിയർ) റെയ്മെണ്ട് എഫ് കൾപെഫർ (ഫസ്റ്റ് ജനറൽ ഓവർസീയർ) ജെ. ഡേവിഡ് സ്റ്റീഫൻസ് (സെക്കന്റ് ജനറൽ ഓവർസീയർ), ഡേവിഡ് ഇ. റാമിറസ് (തേർഡ് ജനറൽ ഓവർസീയർ) ജോൺ. ഡി. ചിൽഡേഴ്സ് (സെക്രട്ടറി ജനറൽ), ഡേവിഡ് എം. ഗ്രിഫിസ് (വേൾഡ് മിഷൻ ഡയറക്ടർ), ഡേവിഡ് സി. ബ്ലയർ (യൂത്ത് ഡയറക്ടർ) തുടങ്ങി 18 അംഗ കൗൺസിലിനെയും തെരഞ്ഞെടുത്തു. ഓർഡൈയ്ന്റ് ബിഷപ്പുമാരാണ് വോട്ടെടുപ്പിൽ പങ്കെടുത്തത്. ജനറൽ ഓവർസീയറാണ് പ്രിസൈഡിൽ ഓഫീസിൽ. അടുത്ത സമ്മേളനം 2018-ൽ ഒർലാന്റോയിൽ വച്ച് നടക്കും.

# പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ വാർഷിക സമ്മേളനം സെപ്റ്റംബർ 3-ന്

**കോട്ടയം:** പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ (പി.സി.ഐ) 13-ാം വാർഷിക സമ്മേളനം സെപ്റ്റംബർ 3 ശനിയാഴ്ച പത്തനംതിട്ട പുത്തൻപീടിക എ.ജി.റ്റി. ഓഡിറ്റോറിത്തിൽ നടക്കും. ബഹറൈൻ അമേരിക്കൻ ഹോസ്പിറ്റലിലെ ചീഫ് ഫിസിഷ്യൻ ഡോ. മാത്യു ജോർജ് മുഖ്യ പ്രഭാഷണം നടത്തും. അനുഗ്രഹീത സുവിശേഷ പ്രഭാഷകനും കൃപാവര ശുശ്രൂഷകനുമായ ഡോ. മാത്യു ജോർജ് ഭാരതത്തിലും അനേകം വിദേശരാജ്യങ്ങളിലും ഈ കാലഘട്ടത്തിൽ ശക്തമായി ശുശ്രൂഷിക്കുന്ന ദൈവദാസനാണ്.

പി.സി.ഐ. ജനറൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ പെന്തക്കോസ്ത് സഭാ നേതാക്കന്മാരും, മാധ്യമ പ്രവർത്തകരും, ശുശ്രൂഷകരും, വിശ്വാസിസമൂഹവും പങ്കെടുക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 8.30 വരെ മൂന്ന് സെക്ഷനുകളിലായിട്ടാണ് സമ്മേളനം ക്രമീകരിക്കുന്നത്. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ വാർഷിക സമ്മേളനവും, ഉച്ചതിരിഞ്ഞ് 2.00 മുതൽ 3.30 വരെ വനിതാ സമ്മേളനവും വൈകുന്നേരം 5.30 മുതൽ 8.30 വരെ സുവിശേഷയോഗവും ആയിരിക്കും. രാവിലത്തെ വാർഷിക സമ്മേളനത്തിലും വൈകുന്നേരത്തെ സുവിശേഷയോഗത്തിലും ഡോ. മാത്യു ജോർജ് പ്രസംഗിക്കും. പി.സി.ഐ. ഭാരവാഹിയായ പാസ്റ്റർ ജെ. ജോസഫ്, നേതൃത്വം വഹിക്കും.

# പ്രെയർ സെൽ മേഖലാതല പ്രാർത്ഥനാ സംഗമം



ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ നടന്ന മേഖലാതല പ്രാർത്ഥനാ സംഗമത്തിൽ സംസ്ഥാന ഡയറക്ടർ പാസ്റ്റർ വി.പി.തോമസ് പ്രസംഗിക്കുന്നു.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മേഖലാതല പ്രാർത്ഥനാ സംഗമങ്ങൾ നടത്തി. മലബാർ മേഖലാ സംഗമം നിലമ്പൂർ പാലുണ്ട ദൈവസഭയിലും വയനാട് ജില്ലാതല സംഗമം മുണ്ടൻകുറ്റി ദൈവസഭയിലും ഉത്തരമലബാർ മേഖലാ സംഗമം കണ്ണൂർ ദൈവസഭയിലുമാണു നടന്നത്. വിവിധ യോഗങ്ങളിൽ സംസ്ഥാന ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഇ.എസ്.ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ, പാസ്റ്റർ ബിനു പി.ജോർജ്, സ്റ്റേറ്റ് ബോർഡ് അംഗങ്ങളായ പാസ്റ്റർ റോയി പി.ജോർജ്, തോമസ് ജോർജ് എന്നിവർ വചനശുശ്രൂഷ നടത്തി. പാസ്റ്റർ സുനിൽ സ്കറിയ ഗാനശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ ജോൺ ജോസഫ് പി., കെ.എ.ജയിംസ്, ലാലി ഫിലിപ്പ്, കെ.പി.വർഗീസ്, വർഗീസ് മാത്യു, സി.ഐ.തോമസ്, പി.വി.മാത്യു, കുര്യൻ ഈപ്പൻ, കെ.വി.മാത്യു എന്നിവർ നേതൃത്വം നൽകി.

# ഫ്രീഡം 2016




*പാസ്റ്റർ സിന്റോ വർഗ്ഗീസ് പ്രസംഗിക്കുന്നു*

ഐ. പി. സി. മഹാരാഷ്ട്ര പി. വൈ. പി. എയുടെ നേതൃത്വത്തിൽ ജൂലൈ 6-ാം തീയതി വൺഡേ സെമിനാർ നടത്തി. നാഗ്പൂർ ഗിറ്റിക് ഹാഡനിൽ വെച്ചു നടന്ന സെമിനാറിൽ ഫ്രീഡ് റ്റു ഫ്രീ എന്ന തീം ആസ്പദമാക്കി പ്രൊഫസർ തോമസ് ചെറിയാൻ ക്ലാസുകൾ എടുത്തു. 200-ാളം യുവതീയുവാക്കൾ പങ്കെടുത്ത മീറ്റിംഗിൽ അനേകർ സുവിശേഷ വേലയ്ക്ക് സമർപ്പിക്കുകയും ആത്മനിറവ് പ്രാപിക്കുകയും ചെയ്തു.

പാസ്റ്റർ സിന്റോ വർഗ്ഗീസ് (പി. വൈ. പി. എ സ്റ്റേറ്റ് പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോണികുട്ടി (നാഗ്പൂർ ഡിസ്ട്രിക്റ്റ് പാസ്റ്റർ) സെമിനാർ ഉദ്ഘാടനം ചെയ്തു. ബ്രദർ റോഷൻ വർഗ്ഗീസ് (പിവൈപിഎ സ്റ്റേറ്റ് സെക്രട്ടറി) സെമിനാർ കോ-ഓർഡിനേഷന് നേതൃത്വം നൽകി. പാസ്റ്റർമാരായ ബാബുജി ശാമുവേൽ, കുര്യൻ ചെറിയാൻ, ജോസഫ് ജോർജ്, അമിത്ത് ഗുരുനാനി, സ്കറിയ തോമസ്, അജീഷ് മാത്യു, സന്തോഷ് ശാമുവേൽ, റ്റി. ചാക്കോച്ചൻ, ജെയ്സൻ ജോൺ തുടങ്ങി അനേക ശുശ്രൂഷകന്മാർ പങ്കെടുത്തു.

## ലേഖനം

# മടങ്ങി വരുന്നവന്റെ നിഴലുകൾ



**ഷൈജു ഡാനിയേൽ, അടൂർ**

കർത്താവായ യേശുവിനെ അറിയുവാനും അവിടെത്തെ പിൻപറ്റുവാനും നമുക്ക് സാധിച്ചു എന്നതാണ് ഈ ഭൂജീവതത്തിലെ ഏറ്റവും വലിയ ഭാഗ്യം. അപ്പോൾ തന്നെ ജീവിതത്തിന്റെ ഗമനവഴികളിൽ സംഭവിക്കുന്ന ഒളിച്ചോട്ടങ്ങൾ, പിന്മാറ്റങ്ങൾ ഇവയിൽ നിന്നൊക്കെ മടങ്ങി വരുവാൻ നമുക്ക് ലഭിക്കുന്ന അവസരങ്ങളും ഭാഗ്യകരമായവ തന്നെയാണ്. "വീഴുമ്പോൾ കണ്ണ് തുറന്നിരിക്കുന്നവൻ" എന്ന ബിലയാമിന്റെ സുഭാഷിതം ശ്രദ്ധേയമാണ്. കൈമോശം വന്ന ദൈവസ്നേഹത്തിന്റെ സൗഭാഗ്യതയെ കുറിച്ചോർക്കയിൽ; ഹൃദയത്തിൽ നിന്നുമൊരു തേങ്ങൽ, അപ്പന്റെ ഭവനത്തിലേക്ക് മടങ്ങാനൊരുക്കം, ആത്മാർത്ഥമായ ഒരു കുറ്റബോധാനുഭവം ഇവയൊക്കെ വീണ്ടും ഒരു നല്ല തുടക്കത്തിന്റെ പ്രത്യക്ഷലക്ഷണമാണ്!!

തള്ളിപ്പറച്ചിലിനും ഒറ്റികൊടുക്കലിനും ശേഷം എവിടേക്കാണ് ഓടുന്നത് എന്നത് അവന്റെ ഭാവിയെ സംബന്ധിച്ചു നിർമ്ണായകമാണ്!!. കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രി; ആ രാത്രി കുറഞ്ഞപക്ഷം രണ്ടു ക്രിസ്തു ശിഷ്യർക്ക് നിർണ്ണായകമായിരുന്നു. യേശുവിനോടൊപ്പമുള്ള അത്താഴത്തിനിടയിൽ നിന്നും "അവന്റെ ഉള്ളിൽ പിശാച് കടക്കുകയും അവൻ അവർക്കിടയിൽ നിന്നും ഇറങ്ങി പുറപ്പെട്ടുപോകുകയും ചെയ്തു. അവിടെ നിന്നും ഇറങ്ങിപോകുമ്പോഴും വീണ്ടും ഗുരുവിലേക്കു മടങ്ങാനുള്ള സാധ്യതകൾ അവനു മുൻപിൽ ഉണ്ടായിരുന്നു.

ശിഷ്യരിൽ ഒരുവനായ യൂദാ യേശുവിനെ ഒറ്റിക്കൊടുത്തനന്തരം ചെയ്ത തെറ്റിനെ കുറിച്ച് ഏറ്റുപറയാൻ ക്രിസ്തുവിങ്കലേക്കു ഓടേണ്ടതിനു പകരം അവൻ പുരോഹിതന്മാരുടെ അടുക്കലേക്കു ഓടിയപ്പോൾ ശിഷ്യന്മാരിൽ മറ്റൊരുവൻ തള്ളിപ്പറച്ചിലിനു ശേഷം നേരെ യേശുവിലേക്കു തിരിയുകയാണ്!! ഏറ്റുപറയാൻ പുരോഹിതന്മാരുടെ അടുക്കലേക്കോടിയവൻ മരണത്തിലേക്കും ക്രിസ്തുവിങ്കലേക്കു തിരിഞ്ഞവൻ ജീവനിലേക്കും കടന്നു!! ഒരു പൊട്ടിക്കരച്ചിലോടെ അവൻ യേശുവിനെ സമീപിച്ചിരുന്നു എങ്കിൽ യൂദായുടെ നിഴലുകളും ചലനാത്മകമാകമായിരുന്നു!! പക്ഷെ ഇപ്പോൾ തൂങ്ങി നിൽക്കുന്ന വഞ്ചകന്റെ നിഴലുകൾ നിശ്ചലമാണ്... മറുവശത്ത് മടങ്ങി വന്നവന്റെ നിഴലിൽ പോലും ഒരു ശക്തി വ്യാപരിക്കുന്നു... പത്രൊസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയും മേൽ വീഴേണ്ടതിനു ജനം തിരക്കുകൂട്ടുകയാണ്!! യൂദായുടെ നിഴൽ മനുഷ്യ ചരിത്രത്തിൽ ഒരു ദുരന്തകഥയുടെ സൂചകമായി "കരിനിഴൽ" വീഴ്ത്തുമ്പോൾ തെറ്റുപറ്റിപ്പോയി എന്ന കുറ്റസമ്മതത്തോടെ ക്രിസ്തുവിങ്കലേക്കു തിരിഞ്ഞവന്റെ "നിഴലെങ്കിലും" വീഴാൻ കാത്തുനിൽക്കുന്ന ഒരു വൻജനാവലി!!

"മടങ്ങി വരവുകൾ" എന്നും ദൈവമുൻപാകെ പ്രശംസനീയമാണ്. അനുതാപത്തിലെ ആത്മാർത്ഥതയും ക്രിസ്തുവിലേക്കുള്ള മടക്കയാത്രകളിലെ ഒരുവന്റെ മനോനിലയും പക്ഷെ ദൈവം വളരെ സൂക്ഷമമായി പരിശോധിക്കും എന്നതിൽ തർക്കമില്ല. മാനുഷീകമായ ഒരംഗീകാരത്തിനോ കേവലം കൈവിടപ്പെട്ടുപോയ പദവികൾക്കോ അധികാരങ്ങൾക്കോ വേണ്ടി മാത്രമുള്ള ദൈവമുഖാന്വേഷണം കടുത്ത വഞ്ചനയാണ്. തകർന്ന ഹൃദയത്തോടെ വീണ്ടും തന്നിലേക്കു തിരിയുന്നവനെ ശിഷ്യത്വത്തിന്റെ അധികാരം നൽകി അനിതര സാധാരണ ദൈവപ്രവർത്തികൾക്കായി അവനീമുഖത്ത് നിയോഗിക്കാൻ ദൈനമിന്നും ഒരുക്കമാണ്.

മടങ്ങി വന്ന ക്രിസ്തു ശിഷ്യൻ പത്രൊസിന്റെ നിഴൽ അത്യാവശ്യക്കാരായ ആയിരങ്ങൾക്ക് ഒരാശ്വാസമാകുകയാണ്. പുരോഹിതന്മാരുടെ മുന്നിൽ കരഞ്ഞ യൂദയെവിടെ...?? ക്രിസ്തുവിങ്കലേക്കു തിരിഞ്ഞു കരഞ്ഞ പത്രൊസെവിടെ..?? അനുതാപമില്ലാത്ത മാനസാന്തരവും മാനസാന്തരമില്ലാത്ത അനുതാപവും രണ്ടും ഒരുപോലെ അപകടം നിറഞ്ഞതാണ്!! ആത്മനാഥനെ വിറ്റു പണമാക്കാനുള്ള പരിശ്രമത്തിനിടയിൽ വീണ്ടും ദൈവത്തിങ്കലേക്കുള്ള ഒരു മടങ്ങി വരവിനായി വീണുകിട്ടുന്ന മൂല്യമുള്ള അവസരങ്ങളെ ഫലകരമായി പ്രയോജനപ്പെടുത്തുന്നതിൽ സംഭവിക്കുന്ന വീഴ്ചകൾ ആത്മഹത്യാപരമായിരിക്കും. വീഴ്ച ഏറ്റുപറയാൻ യൂദായെ നി എന്തിനു പുരോഹിതന്മാരുടെ അടുക്കലേക്കോടി...?? ക്രിസ്തുവിങ്കലേക്കായിരുന്നു ആ ഓട്ടമെങ്കിൽ നിന്റെ ആത്മഹത്യ ഒഴിവാക്കാമായിരുന്നു!! പരസ്യമായി തൂങ്ങി നിൽക്കുന്നില്ലെങ്കിലും നമുക്കിടയിലും ഇതിനു സമാനമായ ഒരുപാട് ആത്മഹത്യകൾ സംഭവിക്കുന്നു!!

# ഒരു അമേരിക്കൻ ഡയറി കുറിപ്പ്

എല്ലാം കഴിഞ്ഞു വീട്ടിലെത്തിയാൽ രാത്രി 1 മണി വരെ നീളുന്ന പ്രാർത്ഥന, ആ പ്രാർത്ഥനയിൽ സുനു ആന്റിയും മക്കളായ ഗ്രാൻഡും നഥനയേലും പങ്കെടുക്കുന്നു അവർ ഒന്നടങ്കം പ്രാർത്ഥിക്കുന്നു. അതു കൊണ്ടാണ് ഈ ആരോപണങ്ങളുടെ നടുവിലും സഭ വളരുന്നത്. പൗലോസ് പറയുന്നതു പോലെ ഒരുവൻ അദ്ധ്യക്ഷ സ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. അവൻ സ്വന്ത കുടുംബത്തെ നന്നായി പരിപാലിക്കുന്നവനും, മക്കളെ അച്ചടക്കത്തിൽ വളർത്തുന്നവനും ആയിരിക്കണം എന്നാണ് അത് സി. സി തോമസ് സാർ നന്നായി ശ്രദ്ധിക്കുന്നു. സുനു ആന്റിയുടെയും ഗ്രാൻഡിന്റെയും നഥനയേലിന്റെയും സ്നേഹം മറ്റെങ്ങും കാണാൻ കഴിയില്ല. ദൈവദാസന്മാരെ കാണുമ്പോൾ തിരിഞ്ഞ് നടക്കുന്ന ചിലരെ പോലയല്ല ഇവർ ദൈവമക്കളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. ഞായറാഴ്ചത്തെ സഭായോഗത്തിൽ ആ സഭയിൽ ധാരാളം പേർ സംബന്ധിച്ചിരുന്നു. സഭയിൽ ചിലരെ പരിചയപ്പെടുവാൻ ഇടയായി. സാബുച്ചായൻ, സുനോജ് സ്കറിയ, ജോൺസൻ ഫിലിപ്പോസ് (ഷാജി), എന്റെ നാട്ടുകാരനായ പാപ്പച്ചൻ അദ്ദേഹത്തിന്റെ ഭാര്യ സഹോദരൻ ജോസ്, പാസ്റ്റർ എം. ജോൺസന്റെ മകൻ ജോബിൻ ഇവരുടെ സ്നേഹവും കരുതലും ഭയങ്കരമായിരുന്നു. സഭയിലെ അംഗങ്ങൾക്കെല്ലാം അവരുടെ പാസ്റ്ററെക്കുറിച്ച് പറയുവാനുള്ളത് നല്ലത് മാത്രം. റവ. സി. സി തോമസിന്റെ ഭാര്യയും മക്കളും അടക്കം സഭാഗങ്ങളും എല്ലാവരും ഏകഖണ്ഡമായി പറയുന്നു റവ സി. സി തോമസ് സാറിനെക്കുറിച്ചുള്ള ആരോപണങ്ങൾ ഒന്നും സത്യമല്ല വിരോധികൾ അദ്ദേഹത്തെ കുറിച്ച് തിന്മ കളവായി പറയുന്നതാണെന്ന്.



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
+ 516 800 1394, +91 944 731 3709

എല്ലാ മനുഷ്യർക്കും സ്വപ്നവും ആഗ്രഹവും ഉള്ളതു പോലെ എനിക്കും ഒരു ആഗ്രഹം ഉണ്ടായിരുന്നു അമേരിക്കൻ ഐക്യനാടുകൾ ഒന്ന് സന്ദർശിക്കണമെന്ന്. ആരും അതിന് സഹായിക്കുവാൻ ഇല്ലാത്തതു കൊണ്ട് ആ ആഗ്രഹം ഉള്ളിൽ ഒതുക്കി പ്രാർത്ഥിക്കുക മാത്രം ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം എന്നെ സ്നേഹിക്കുന്ന മൗണ്ട് സിയോൺ സെമിനാരി രജിസ്ട്രാർ ഡോക്ടർ ഷിബു. കെ മാത്യു എന്നോട് പറഞ്ഞു അമേരിക്കയിലെ ഡാളസ്സ് പട്ടണത്തിൽ താമസ്സമാക്കിയ റവ. ഷാജി കെ ദാനിയേൽ 34–ാമത് പിസിനാക്കിന്റെ കൺവീനർ ആയി തിരഞ്ഞെടുക്കപ്പെട്ടു അതുകൊണ്ട് ഷൈജുവിന് ഞാനൊരു സ്പോൺസർ ലെറ്റർ വാങ്ങി തരാം അടുത്ത വർഷം പ്രാർത്ഥിക്കുക വിസാ കിട്ടിയാൽ പോകമല്ലോ എന്ന്. വീണ്ടും എന്റെ സ്വപ്നങ്ങൾ നിറമണിയുവാൻ തുടങ്ങി ഞാനതിനെ താലോലിക്കുയും പ്രാർത്ഥിക്കുകയും ചെയ്തു. ആർക്കും പിടിച്ച് നിർത്തുവാൻ കഴിയാത്ത ദിവസങ്ങൾ മെരുങ്ങാത്ത കുതിര വലിക്കുന്ന രഥം പോലെ അതിവേഗം ഓടി. അങ്ങനെ നാളുകൾ കഴിയവെ ഒരു നാൾ 34–ാമത് പിസിനാക്കിന്റെ ഭാരവാഹികൾ തിരുവല്ലയിൽ എത്തുകയും പത്ര സമ്മേളനം വിളിച്ച് ചേർക്കുകയും ചെയ്തു. ഞാൻ പ്രതിനിധാനം ചെയ്യുന്ന വാർത്താ പത്രികയിൽ നിന്നും എന്നെയാണ് ആ പത്ര സമ്മേളനത്തിന് അയച്ചത്. പത്ര സമ്മേളനം കഴിഞ്ഞപ്പോൾ പിസിനാക്ക് സെക്രട്ടറി ബ്രദർ റ്റിജു തോമസ് എന്നോട് പറഞ്ഞു എനിക്ക് ഷൈജുവിനെ അറിയാം, ഡോ. ഷിബു. കെ മാത്യു എന്നോട് ഷൈജുവിന്റെ കാര്യം പറഞ്ഞിട്ടുണ്ട്, മാത്രമല്ല ഞാൻ ഷൈജുവിന്റെ ലേഖനങ്ങൾ വായിക്കാറുമുണ്ട്. ഈ പ്രാവശ്യത്തെ കോൺഫറൻസിന് അമേരിക്കയിൽ വരണം അതിനു വേണ്ട എല്ലാ പേപ്പറുകളും ശരിയാക്കി ഞാൻ അയച്ചു തരാം, ഷൈജുവിന്റെ വിസാ പേപ്പറുകളെല്ലാം എനിക്ക് അയച്ച് തരിക എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ഈമെയിൽ അഡ്രസ്സ് എനിക്ക് തന്നു. അദ്ദേഹം പറഞ്ഞതുപോലെ ഞാൻ ചെയ്തു. അദ്ദേഹം എന്നോട് പറഞ്ഞതുപോലെ എനിക്ക് വിസാ സ്പോൺസർ ലെറ്റർ ലഭിച്ചു. ഞാൻ എം. കുഞ്ഞപ്പി പാസ്റ്ററുടെ നിർദ്ദേശാനുസരണം വിസാ അപ്പോയ്ൻമെന്റ് എടുത്തു ചെന്നൈയിൽ പോയി. ഇന്റർവ്യൂവിന്റെ അവസാനം കോൺസുലാർ അധികാരി നിങ്ങളുടെ വിസാ ആയിട്ടുണ്ട്, നിങ്ങൾക്ക് വീട്ടിലേക്ക് പോകാം, പാസ്സ്പോർട്ട് ഞങ്ങൾ അയച്ചു തരാം എന്നു പറഞ്ഞപ്പോൾ ഞാൻ സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്നറിയാതെ അല്പ നേരം കൂടി ആ കൗണ്ടർ മുമ്പിൽ നിന്നു. അപ്പോൾ കോൺസുലാർ മുമ്പെ പറഞ്ഞത് ഒരിക്കൽ കൂടി ആവർത്തിച്ചു. വളരെ സന്തോഷത്തോടെ ചെന്നൈയിൽ നിന്നും മടങ്ങി കേരളത്തിലെത്തി. എനിക്ക് വിസാ ലഭിച്ച വിവരം ഞാൻ പാസ്റ്റർ എം. കുഞ്ഞപ്പിയെ വിളിച്ചു പറഞ്ഞു വളരെ സന്തോഷത്തോടെ ആണ് അദ്ദേഹം അതിനോട് പ്രതീകരിച്ചത്. രാത്രിയായപ്പോൾ പാസ്റ്റർ സി. സി തോമസ് എന്നെ വിളിച്ച് അഭിനന്ദനം അറിയിച്ചു. അങ്ങനെ ഞാൻ എന്റെ അമേരിക്കൻ യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു.

ജൂൺ മാസം 21–ാം തീയതി ഞാനും ജെയ്സ് പാണ്ടനാടും, അനിഷ് ഏലപ്പാറയും ഒന്നിച്ച് നെടുമ്പാശേരിയിൽ യാത്ര ചെയ്ത് അമേരിക്കയിലെ ഡാളസ്സ് പട്ടണത്തിൽ എത്തിച്ചേർന്നു. പിസിനാക്കിൽ ഞങ്ങൾ സംബന്ധിച്ചു അവിടെ വച്ച് കുവൈറ്റ് ഓവർസിയർ പാസ്റ്റർ സുശീൽ മാത്യുവിനെ കണ്ടു മുട്ടി. അദ്ദേഹത്തിന്റെ സൗഹൃദം ഞങ്ങൾക്ക് വളരെ അനുഗ്രഹമായി മാറി അദ്ദേഹത്തിന്റെ ഭവനം ഞങ്ങൾ സന്ദർശിച്ചു അദ്ദേഹത്തിന്റെ ഭാര്യ കുഞ്ഞുമോൾ ഞങ്ങൾക്കായി മെക്സിക്കൻ ഭക്ഷണം തയ്യാറാക്കി തന്നു. എന്നെയും ജെയ്സ് പാണ്ടനാടിനെയും ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ അസംബ്ലിയിൽ ചെല്ലുവാൻ അദ്ദേഹം നിർബന്ധിച്ച് പറഞ്ഞ് അതിനു വേണ്ട ക്രമീകരണങ്ങൾ എല്ലാം ചെയ്തു തന്നു. അതുകൊണ്ട് ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ അസംബ്ലിയിൽ സംബന്ധിക്കുവാൻ എനിക്കും ജെയ്സ് പാണ്ടനാടിനും ഭാഗ്യമുണ്ടായി. അവിടെ വച്ച് കുവൈറ്റിൽ നിന്നും എത്തിച്ചേർന്ന പാസ്റ്റർമാരായ ജബോയ് ഐസക്ക്, ചെറിയാൻ പാസ്റ്റർ, ജിബു പാസ്റ്റർ എം. ജോൺസൻ എന്നിവരുമായി ലഭിച്ച കൂട്ടായ്മയും അനുഗ്രഹകരമായിരുന്നു.

വിവരാണാധീതമാണ് ജനറൽ അസംബ്ലിയുടെ ക്രമീകരണങ്ങൾ, പ്രയർ വാരിയേഴ്സിന്റെ പ്രാർത്ഥന ഒരു പ്രത്യേക അനുഭവമാണ്. ഡോക്ടർ സുശീൽ മാത്യു ഞങ്ങളെ പ്രാർത്ഥനാ മുറിയിലേക്ക് നയിച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ വലിയ സാന്നിദ്ധ്യം ഞങ്ങൾ അനുഭവിച്ചു. വെളിപ്പാട് പുസ്തകത്തിൽ പറയുന്നതു പോലെ നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി; എന്നത് ഞങ്ങൾ അനുഭവിച്ചറിഞ്ഞു. വിവിധ ഭാഷക്കാർ, രാജ്യക്കാർ, വിവിധ സംസ്കാരത്തിൽ ഉൾപ്പെട്ടവർ എല്ലാം ഒത്തുചേർന്ന് ഒന്നിച്ച് നമ്മുടെ കർത്താവിനെ ആരാധിക്കുന്നു. ഒരിടത്ത് അന്യഭാഷയിൽ സംസാരിക്കുന്ന ആളുകൾ, അതിനെ വ്യാഖ്യനിക്കുന്ന ചിലർ, പ്രവാചകിമാരായ ഒരു സംഘം, പ്രാർത്ഥിക്കുവാൻ വേണ്ടി മാത്രം ജീവിക്കുന്ന ചിലർ അത് ഒരു അനുഭവം തന്നെയാ. ഞാൻ എഴുതി കൊടുത്ത പേരുവെച്ച് എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. പ്രഭാതത്തിലെ പ്രാർത്ഥനയിൽ ഞങ്ങളുടെ മേൽ കരം വെച്ച് ചിലർ പ്രാർത്ഥിച്ചു എല്ലാം നവ്യമായ അനുഭവം. ജനറൽ അസംബ്ലിയിലെ തിരഞ്ഞെടുപ്പ് എടുത്ത് പറയേണ്ട ഒന്നാണ്. ആരൊക്കെയാണ് മത്സരിക്കുന്നത് എന്ന് ആർക്കും അറിയില്ല. ലോകത്തിൽ ഉള്ള മുഴുവൻ ചർച്ച് ഓഫ് ഗോഡിലെ ഓർഡൈയ്ൻഡ് ബിഷപ്പുമാരുടെയും ലിസ്റ്റ് എന്റെ കയ്യിൽ കിട്ടി അവരിൽ ഒരാളെ ജനറൽ ഓവർസിയറായി തിരഞ്ഞെടുക്കുവാൻ പറഞ്ഞപ്പോൾ ഞങ്ങൾ അത്ഭുതപരതന്ത്രരായി. ജനറൽ ഓവർസിയർ തിരഞ്ഞെടുപ്പ് മാത്രമല്ല മുഴുവൻ തിരഞ്ഞെടുപ്പും അങ്ങനെ തന്നെയാ. ആദ്യ റൗണ്ടിലെ നോമിനേഷൻ ബാലറ്റിൽ 25–ൽ അധികം വോട്ട് കിട്ടുന്നവരെ ഉൾപ്പെടുത്തി രണ്ടാം റൗണ്ട്. അങ്ങനെ 51 ശതമാനം ഒരാൾക്ക് കിട്ടുന്നതു വരെ അതു തുടരും ആദ്യം 51 ശതമാനം വോട്ടു കിട്ടുന്നയാളെ നിശ്ചയിക്കപ്പെട്ട സ്ഥാനത്തേക്ക് നിയമിക്കുന്നു. രണ്ടാം റൗണ്ടിൽ തന്നെ ടിം ഹിൽ ജനറൽ ഓവർസിയറായി തിരഞ്ഞെടുക്കപ്പെട്ടു എന്നതാണ് ശ്രദ്ധേയമായത്. ജനറൽ അസംബ്ലിയുടെ അവസാന ദിവസം നടന്ന ഫ്ളാഗ് മാർച്ച് വളരെ രസകരമായിരുന്നു. ഇൻഡ്യയുടെ പതാക ഗവേണിംഗ് ബോഡി ചെർമാൻ ജ്യോതികുമാർ റെഡ്ഡി പിടിച്ചപ്പോൾ അതിന്റെ മുമ്പിലായി സൗത്ത് ഏഷ്യൻ രാജ്യങ്ങളുടെ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൺ പതാകയുമായി നടന്നു. ആ മാർച്ചിനായി അണി നിരക്കുന്നതു മുന്നമെ കുറച്ച് സമയം ബഹുമാനപ്പെട്ട സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സനും അദ്ദേഹത്തിന്റെ ഭാര്യ കാരൻ കുക്ക് ആൻഡേഴ്സനുമായി ഏകദേശം 20 മിനിറ്റു നേരം സംസാരിക്കുവാൻ ലഭിച്ച അവസരം വിലപ്പെട്ടതായിരുന്നു. ഫ്ളാഗ് മാർച്ചിനു ശേഷം ജനറൽ അസംബ്ലി ജനറൽ ഓവർസിയർ റവ. റ്റിം ഹില്ലിന്റെ പ്രസംഗത്തോടെ സമാപിക്കുമ്പോൾ ഞങ്ങളെ കൊണ്ടുപോകുവാൻ റവ. സി. സി തോമസിന്റെ മകൻ നഥനയേൽ കാറുമായി എത്തിയിരുന്നു.

ചാറ്റനൂഗാ ടൈനെർ ചർച്ച് ഓഫ് ഗോഡ് സഭയുടെ പാഴ്സനേജിൽ ഞാനും ജെയ്സ് പാണ്ടനാടും ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസിയർ പാസ്റ്റർ കെ. സി. സണ്ണിക്കുട്ടിയും രാത്രി 1.30ടെ എത്തിച്ചേർന്നു. അതിഥി സല്ക്കാരം മറക്കരുത് എന്ന ദൈവവചനം പോലെ റവ. സി. സി തോമസ് സാറിന്റെയും ഭാര്യ സുനു ആന്റിയുടെയും ആതിഥ്യ മര്യാദ ഞങ്ങളെ അതിശയിപ്പിച്ചു കളഞ്ഞു. നാഷ് വില്ലയിൽ നിന്നും ചാറ്റനൂഗയിലെ യാത്രക്കിടയിൽ കഴിക്കുവാനുള്ളതും കൊണ്ടാണ് ആന്റി വന്നത്. സാറിന്റെ മകൻ നഥനയേലിന്റെ ഡ്രൈവിംഗ് ഗംഭിരമായിരുന്നു തമാശകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും ഞങ്ങൾ പാഴ്സനേജിൽ എത്തിച്ചേർന്നു. ഞങ്ങൾക്കായി ഒരുക്കിയ ഭക്ഷണം കഴിച്ചു കഴിഞ്ഞ് സുഖമായി ഉറങ്ങി. തുടർ ദിനങ്ങളിൽ റവ. സി. സി തോമസ് സാറിന്റെയും ഭാര്യ സുനു ആന്റിയുടെയും മക്കളായ ഗ്രാൻഡ്, നഥനയേൽ എന്നിവരുടെയും സ്നേഹവും കരുതലും എടുത്ത് പറയേണ്ടതാണ്. ഇവരുടെ പ്രാർത്ഥനാ ജീവിതം വളരെ പ്രശംസനീയമാണ്. ദൈവവചനം പറയുന്നതു പോലെ എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്ക് വേറെയില്ല എന്നാണ്. അമേരിക്കയിലാണ് ജീവിക്കുന്നതെങ്കിലും അമേരിക്കൻ സംസ്കാരം ഒട്ടും ആകർഷിക്കാതെ തികഞ്ഞ അച്ചടക്കത്തിലും ദൈവഭയത്തിലും കഴിയുന്ന ഒരു കുടുംബം. എന്തിനും ഏതിനും പ്രാർത്ഥിക്കുക. കണ്ണുനീരോടെ ദൈവസന്നിധിയിൽ ഇരിക്കുക, നിർവ്യാജമായി ഏവരേയും സ്നേഹിക്കുക ഇത് ഇവരുടെ പ്രത്യേകതയാണ്. ഇത്രയും ആരോപണങ്ങൾ നേരിടുമ്പോഴും സഭ ഒന്നാകെ ഇദ്ദേഹത്തെ സ്നേഹിക്കുന്നു, അദ്ദേഹത്തിന്റെ കീഴിൽ അണിനിരക്കുന്നു.



റവ. സി. സി തോമസ് സാറിന്റെ വാക്കുകൾ അനുസരിച്ച് സഭ പ്രവർത്തിക്കുന്നു എന്നത് പ്രശംസനീയമാണ്. ഒരു ദിവസം സാറിന്റെ കൂടെ താമസിച്ചാൽ മനസ്സിലാകും പറയപ്പെടുന്ന ആരോപണങ്ങൾ എല്ലാം വെറും വ്യാജമാണെന്ന്, ഇതു പോലെ ആത്മീയനായ, കരഞ്ഞു പ്രാർത്ഥിക്കുന്ന, ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസം കൂടാതെ ഏവരേയും സ്നേഹിക്കുന്ന വ്യക്തിത്വങ്ങൾ തുലോം കുറവാണെന്നതാണ് സത്യം. ഞങ്ങൾ അദ്ദേഹത്തിന്റെ ഭവനത്തിൽ താമസിച്ച ദിവസങ്ങളിൽ ഞങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും അദ്ദേഹം ഞങ്ങളെ കരുതി. ഇതിനിടയിൽ ഞങ്ങളുടെ അരികിലേക്ക് കെ. എൻ റസ്സലും എത്തിച്ചേർന്നു. പ്രീയപ്പെട്ട റസ്സലച്ചായനോടൊപ്പം റവ. സി. സി തോമസ് സാറിന്റെ സ്വന്തം കാറിൽ ദൈവസഭയുടെ അന്തർദ്ദേശിയ ഓഫീസിൽ അടക്കം ഞങ്ങളെ അദ്ദേഹം കൊണ്ടു പോയി. അദ്ദേഹത്തിന്റെ സഭയിലെ അംഗങ്ങളിൽ ചിലർ ഞങ്ങൾക്ക് നല്കിയ ഹൃദ്യമായ സ്വീകരണത്തിനും അദ്ദേഹം മുന്നിൽ നിന്നു. എല്ലാം കഴിഞ്ഞു വീട്ടിലെത്തിയാൽ രാത്രി 1 മണി വരെ നീളുന്ന പ്രാർത്ഥന, ആ പ്രാർത്ഥനയിൽ സുനു ആന്റിയും മക്കളായ ഗ്രാൻഡും നഥനയേലും പങ്കെടുക്കുന്നു അവർ ഒന്നടങ്കം പ്രാർത്ഥിക്കുന്നു. അതുകൊണ്ടാണ് ഈ ആരോപണങ്ങളുടെ നടുവിലും സഭ വളരുന്നത്. പൗലോസ് പറയുന്നതു പോലെ ഒരുവൻ അദ്ധ്യക്ഷ സ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. അവൻ സ്വന്ത കുടുംബത്തെ നന്നായി പരിപാലിക്കുന്നവനും, മക്കളെ അച്ചടക്കത്തിൽ വളർത്തുന്നവനും ആയിരിക്കണം എന്നാണ്. അത് സി. സി തോമസ് സാർ നന്നായി ശ്രദ്ധിക്കുന്നു. സുനു ആന്റിയുടെയും ഗ്രാൻഡിന്റെയും നഥനയേലിന്റെയും സ്നേഹം മറ്റെങ്ങും കാണാൻ കഴിയില്ല. ദൈവദാസന്മാരെ കാണുമ്പോൾ തിരിഞ്ഞ് നടക്കുന്ന ചിലരെ പോലയല്ല ഇവർ ദൈവമക്കളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. ഞായറാഴ്ചത്തെ സഭായോഗത്തിൽ ആ സഭയിൽ ധാരാളം പേർ സംബന്ധിച്ചിരുന്നു. സഭയിൽ ചിലരെ പരിചയപ്പെടുവാൻ ഇടയായി. സാബുച്ചായൻ, സുനോജ് സ്കറിയ, ജോൺസൻ ഫിലിപ്പോസ് (ഷാജി), എന്റെ നാട്ടുകാരനായ പാപ്പച്ചൻ അദ്ദേഹത്തിന്റെ ഭാര്യ സഹോദരൻ ജോസ്, പാസ്റ്റർ എം. ജോൺസന്റെ മകൻ ജോബിൻ ഇവരുടെ സ്നേഹവും കരുതലും ഭയങ്കരമായിരുന്നു. സഭയിലെ അംഗങ്ങൾക്കെല്ലാം അവരുടെ പാസ്റ്ററെക്കുറിച്ച് പറയുവാനുള്ളത് നല്ലത് മാത്രം. റവ. സി. സി തോമസിന്റെ ഭാര്യയും മക്കളും അടക്കം സഭാഗങ്ങളും എല്ലാവരും ഏകഖണ്ഡമായി പറയുന്നു റവ സി. സി തോമസ് സാറിനെക്കുറിച്ചുള്ള ആരോപണങ്ങൾ ഒന്നും സത്യമല്ല വിരോധികൾ അദ്ദേഹത്തെ കുറിച്ച് തിന്മ കളവായി പറയുന്നതാണെന്ന്. അത് ഞങ്ങൾക്കും മനസ്സിലായി കാരണം ഞങ്ങൾ പ്രാർത്ഥിച്ച് ഫ്ളോറിഡയിൽ നടക്കുന്ന ഐ. പി. സി ഫാമിലി കോൺഫറൻസിലേക്ക് പോകുമ്പോൾ റവ. സി. സി തോമസ് സാറും കുടുംബത്തിന്റെയും ഞങ്ങളുടെയും കണ്ണുകൾ നിറഞ്ഞു, കാരണം അത്രമാത്രം ഈ ദൈവമനുഷ്യൻ ഞങ്ങളുടെ ഹൃദയത്തെ അദ്ദേഹത്തിന്റെ സ്നേഹം കൊണ്ട് കീഴടക്കി കഴിഞ്ഞിരുന്നു.

ചാറ്റനൂഗയിൽ നിന്നും ഞങ്ങൾ സൗത്ത് ഫ്ളോറിഡയിൽ ഐ. പി. സി ഫാമിലി കോൺഫറൻസിന് എത്തി. ഹൃദ്യമായ സ്വീകരണമാണ് എനിക്കും ജെയ്സ് പാണ്ടനാടിനും ലഭിച്ചത്. കൺവീനർ റവ. ജോൺ തോമസ്, സെക്രട്ടറി ബ്രദർ ജോസ് ശാമുവേൽ, ട്രഷറാർ സാം വർഗ്ഗീസ്, യൂത്ത് കോർഡിനേറ്റർ ബ്രദർ സാം മാത്യു എന്നിവരെ എടുത്ത് പറയേണ്ടതാണ്. ബ്രദർ രാജൻ ആര്യപ്പള്ളിൽ ഞങ്ങൾക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്തു തന്നു. അദ്ദേഹം മുൻകൈ എടുത്ത് ഞങ്ങളെ അനേകർക്ക് പരിചയപ്പെടുത്തി തന്നു. ടി. എസ് ഏബ്രാഹാമിന്റെ മകൾ ഷേർളി ചാക്കോയുടെ കരുതലും വളരെ വലുതായിരുന്നു. അനുഗ്രഹീതമായ പ്രഭാഷണങ്ങളും ആത്മീയ ആരാധന കൊണ്ടും വചന പ്രഘോഷണം കൊണ്ടും ശ്രദ്ധേയമായിരുന്നു ഈ വർഷത്തെ ഐ. പി. സി ഫാമിലി കോൺഫറൻസ്.

ചെറുകഥ

# മൂപ്പന്മാരുടെ ഇടയിലെ മരഞ്ചാടികൾ

“ഗിൽബറേട്ടൻ...”

അവളുടെ ആ വിളി അവന്റെ നെഞ്ചിൽ കുളിര് പെയ്യിച്ചു. പഴയ ടെലിഫോൺ അടിയ്ക്കുന്നതുപോലെയുള്ള അവളുടെ ചിരി കേട്ട് അവൻ രോമാഞ്ചം കൊണ്ടു. പാലടപ്രഥമന്റെ സ്വാദു പോലും ഇത്രയങ്ങ് അവന് ഇഷ്ടപ്പെട്ടിട്ടില്ലാത്രേ!

കത്തോലിക്കാ സഭയിൽ കത്തിജ്ജ്വലിച്ചു നിന്ന യുവതാരമാണ് ഗിൽബർ...അതായത്, ഗിൽബർട്ട്! ഒരു ന്യൂജനറേഷൻ ബാങ്കിൽ ജോലി ചെയ്യുന്ന ഗിൽബർട്ട്, അവിടെ വെച്ചാണ് ‘കഴുത്തിലും കാതിലും ഇല്ലാത്ത’ രൂത്തിനെ പരിചയപ്പെടുന്നത്.

ആദ്യം കണ്ണുകൾ ഒന്നു ഉടക്കി, പിന്നെ ഒന്നു പുഞ്ചിരിച്ചു. പിന്നെ പിന്നെ ഉണക്കമീൻകൊണ്ട് മോന്തക്ക് തട്ട് കിട്ടിയ നായെപ്പോലെ അവളുടെ പിന്നാലെയങ്ങ് കൂടി.

അന്ന് ഒരു ദിവസം, യൂണിഫോമില്ലാതെ, ഇഷ്ടമുള്ള വസ്ത്രം ധരിച്ച് വരാൻ അനുവാദമുണ്ടായിരുന്ന ആ ദിവസം, അവൾ വന്നത് കറുത്ത ലെഗിംങ്സും റോസ് ബനിയനും ധരിച്ചായിരുന്നു.

ഇളം റോസ് ലിപ്സ്റ്റിക് ഇട്ട ചുണ്ടുകൾ...കവിളിൽ റോസ് നിറത്തിലുള്ള പൗഡർ ഇട്ടിരുന്നു. കണ്ണിന്റെ പുരികം പഴയ സിനിമാ നായകന്മാരുടെ മീശ പോലെ അവനു തോന്നിച്ചു. ഷാംപൂ പുരട്ടി എണ്ണമയം കളഞ്ഞ മുടി അനുസരണമില്ലാതെ പാറിക്കളിക്കുന്നുണ്ടായിരുന്നു.

“നന്നായിട്ടുണ്ട്” ഗിൽബർട്ടിന്റെ അഭിനന്ദനം കേട്ട് അവൾ കണിക്കൊന്ന പൂത്തുലഞ്ഞപോലെ നിന്നു.

“കഴുത്തിലും കാതിലും കൂടി വേണ്ടതായിരുന്നു” അവന്റെ നിർദ്ദേശം കേട്ട് അവൾ ഞെട്ടി.

“അയ്യോ പാടില്ല. ആഭരണം ധരിക്കാൻ പാടില്ല” അവളുടെ കണ്ണുകളിൽ ഭയത്തിന്റെ മിന്നലാട്ടം!

“അതെന്താ അങ്ങനെ?” ഗിൽബർട്ടിനു ആകാംക്ഷ.

“ആഭരണമൊക്കെ കരുവേലകത്തിന്റെ ചോട്ടിൽ കുഴിച്ചിടാനാണ് ബൈബിൾ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഞങ്ങൾ ആഭരണം ധരിക്കാറില്ല”. രൂത്തിന്റെ ബൈബിൾ നോളജ് കേട്ടപ്പോൾ ഗിൽബർട്ടിനു അവളോടു വലിയ മതിപ്പു തോന്നി.

**“ലെഗിംങ്സും ലിപ്സ്റ്റിക്കുമൊന്നും കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിടാൻ പറയാതിരുന്നത് ഭാഗ്യമായി”** ഗിൽബർട്ട് കുലുങ്ങിച്ചിരിച്ചു.

“രൂത്തിന്റെ വീട്ടുകാർ ഇതിനു സമ്മതിക്കുമോ?” ഗിൽബർട്ട് ചോദിച്ചു. “ഓ അവർക്കു കുഴപ്പമൊന്നുമില്ല. ആഭരണം ധരിക്കരുതെന്നേ ഉള്ളൂ. വേറെ എന്തും ധരിക്കാം”. അവൾ പറഞ്ഞു.

“ഞാൻ അതല്ല ചോദിച്ചത്. നമ്മുടെ വിവാഹത്തിനു അവർ സമ്മതിക്കുമോ എന്നാണ്”. ഗിൽബർട്ട് വിശദീകരിച്ചു. പെട്ടെന്നുള്ള വിവാഹ വർത്തമാനം കേട്ട് രൂത്ത് നാണം കൊണ്ട് പിന്നെയും ചുവന്നു, കണ്ണാടി പാത്രത്തിലെ ചെറിപ്പഴം പോലെയായി.

“അതിന് ഗിൽബറേട്ടൻ രക്ഷിക്കപ്പെടണം” അവളുടെ പാതി വിടർന്ന ചൊടികളിൽനിന്നു വാക്കുകൾ പതുക്കെ അടർന്നു വീണു ചിതറി.

“രക്ഷിക്കപ്പെട്ട്യേ! എന്താത്?”. ഗിൽബർട്ട് വാ പൊളിച്ചു നിന്നു.

***************

“അറിഞ്ഞില്ലേ? നമ്മുടെ അന്തോണീസേട്ടന്റെ മൂത്ത സന്താനം, ആ തല തെറിച്ച ഗിൽബർട്ട്, മതം മാറി” വാർത്ത കാട്ടു തീ പോലെ പരന്നു.

“മതം മാറ്യേ? ചെക്കന് പ്രാന്ത് പിടിച്ചോ?” സ്ഥിരമായ മദ്യപാനം മൂലം ‘പാമ്പ്’ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ആഗസ്ത്യേട്ടൻ ഞെട്ടി വിറങ്ങലിച്ചുപോയി.

“അവൻ മതം മാറിയിട്ടൊന്നുമില്ല. അവൻ പന്തക്കുസ്താ ആയതാണ്”. തോമക്കുട്ടി വിശദമാക്കി.

“പന്തക്കുസ്താ അല്ലെടാ തോമക്കുട്ട്യേ, പെന്തിക്കോസ് ആണ്”. കുറച്ചുകാലം പെന്തിക്കോസ്തു സഭയിൽ യോഗത്തിനു പോകുകയും, പിന്നീട് മകളുടെ കല്യാണാവശ്യം വന്നപ്പോൾ അവിടെനിന്നു മുങ്ങുകയും ചെയ്തലോനപ്പനാണ് അതു തിരുത്തിക്കൊടുത്തത്.

“അവനോടു ചോദിച്ചപ്പോ അവൻ പെന്തിക്കോസ് അല്ല, അതുപോലെയുള്ള വേറെയൊന്ന് എന്നാ പറഞ്ഞത്, കേട്ടോ?” ടോമിസാറാണ് ആ വിവരം വെളിപ്പെടുത്തിയത്. ചർച്ച തുടരുകയാണ്.

“ഏതു കുന്തമായാലും നമ്മുടെ കത്തോലിക്കാസഭേടെ അത്രേം വരോ? അവൻ സ്നാനപ്പെട്ടൂത്രേ. ചെറുപ്പത്തിൽ മാമ്മോദീസാ മുങ്ങിയതു പോരാതെയാണോ അവൻ ഇപ്പൊ പോയി സ്നാനപ്പെട്ടത്?”

നാട്ടിലാകെ ചർച്ച നടക്കുകയാണ്. മുല്ലപ്പെരിയാറും സോളാറും സരിതയുമൊക്കെ ചർച്ച ചെയ്തു ചെയ്തു വിഷയദാരിദ്ര്യം അനുഭവപ്പെട്ടവരുടെ ഇടയിലേക്ക് വീണു കിട്ടിയ ചാകരയായിരുന്നു ഗിൽബർട്ടിന്റെ മാനസാന്തരം!

ചായക്കടയിൽ, പള്ളിയിൽ, കല്യാണവീട്ടിൽ എല്ലാം ഗിൽബർട്ട് ആണ് വിഷയം. അപ്പോഴാണ് സ്ഥിരമായി ബൈബിൾ വായിക്കുന്ന കത്തോലിക്കാഭക്തയായ കുഞ്ഞലേടത്തി ആ നടുക്കുന്ന സത്യം വെളിപ്പെടുത്തിയത്.

അന്ത്യകാലത്ത് പെന്തിക്കോസുകാർ അഴിഞ്ഞാടുമെന്ന് ബൈബിളിൽ എഴുതിയിട്ടുണ്ടത്രേ! കേട്ടവർ വാ പൊളിച്ചു. വെറുതെയല്ല ഗിൽബർട്ട് ഇങ്ങനെയായത്.

അവർ ലഘുലേഖകളുമായി വീടുകളിലേക്ക് വരുമെന്നും അവരെ വീട്ടിൽ കയറ്ററുതെന്നും വെളിപ്പാടു പുസ്തകത്തിൽ എഴുതിയിട്ടുണ്ടെന്നും കൂടി കുഞ്ഞലേടത്തി വച്ചുകാച്ചി. ബൈബിളിന്റെ എബിസിഡി അറിയാത്ത മണ്ടന്മാർ തല കുലുക്കി കേട്ടു.

വെറോനിക്കാ കർത്താവിന്റെ മുഖം തുടച്ച കാര്യം ബൈബിളിലില്ല എന്നു പറഞ്ഞാൽ മുഖം കോട്ടി കാണിക്കുന്നവരുടെ അടുത്ത് കുഞ്ഞലേടത്തി തനിക്ക് വായിൽ തോന്നിയതൊക്കെ വലിയ ജ്ഞാനിയാണെന്ന മട്ടിൽ വിളമ്പിക്കൊടുത്തു.

*************

ഗിൽബർട്ടിനു പരമസുഖം. പണ്ട് കത്തോലിക്കനായിരുന്നപ്പോൾ എല്ലാ ദിവസവും പള്ളിയിൽ പോകണമായിരുന്നു. ഞായറാഴ്ച പോയില്ലെങ്കിൽ അതു കടമായി കണക്കാക്കിയിരുന്നു. ഇപ്പോൾ ഒന്നുമില്ല.

ഞായറാഴ്ച മാത്രമാണ് സഭായോഗം ഉള്ളത്. അന്നേ ദിവസം എന്തെങ്കിലും വേറെ പ്രോഗ്രാം ഉണ്ടാകും. ഗിൽബർട്ടു ഭാര്യയായ രൂത്തും സഭായോഗങ്ങൾക്ക് വല്ലപ്പോഴേ പോകാറുള്ളൂ.

രൂത്തിനും സഭായോഗത്തിനു പോകാൻ വലിയ താല്പര്യമൊന്നുമില്ല. മാന്യമായി വസ്ത്രധാരണം ചെയ്തു ചെല്ലണമെന്നു പാസ്റ്റർ കർശനമായി നിർദ്ദേശിച്ചിരിക്കയാണ്. “പിന്നേ, എനിക്കൊന്നും വയ്യ ചുരിദാറും സാരിയൊന്നും ഉടുക്കാൻ” രൂത്ത് മനസ്സിൽ പറഞ്ഞു.

********

കഴിഞ്ഞ ആറു ഞായറാഴ്ചകളിൽ തുടർച്ചയായി സഭായോഗങ്ങൾക്കു പോകാൻ ഗിൽബർട്ടിനും ഭാര്യയ്ക്കും കഴിഞ്ഞില്ല.

“എന്താ സഹോദാ, കഴിഞ്ഞ ആറു ആഴ്ചകളായി കണ്ടില്ലല്ലോ”

പാസ്റ്റർ ഫോണിലൂടെ വിളിച്ചു ചോദിച്ചു.

“ഓരോരോ കാരണങ്ങളുണ്ടായി”. ഗിൽബർട്ട് കാരണങ്ങൾ നിരത്തി.

“ഒരു ഞായറാഴ്ച, എന്റെ അമ്മേടെ വല്യപ്പന്റെ മോളുടെ രണ്ടാമത്തെ കുട്ടീടെ വയറുകാണൽ ചടങ്ങിനു പോകേണ്ടി വന്നു. രണ്ടാമത്തെ ഞായറാഴ്ച ഓഫീസിലെ മാനേജരുടെ വീടിന്റെ കുറ്റീശയായിരുന്നു. മൂന്നാമത്തെ ഞായറാഴ്ച മേമ്മേടെ കൂട്ടീടെ മാമ്മോദീസ ആയിരുന്നു. പിന്നത്തെ ഞായറാഴ്ച അയൽ വീട്ടിലെ നാരായണേട്ടന്റെ മോള്ടെ കുഞ്ഞിക്കല്ല്യാണമായിരുന്നു. അഞ്ചാമത്തെ ആഴ്ച എനിക്കു തീരെ സുഖമില്ലായിരുന്നു. ജലദോഷമില്ലേ എന്നൊരു സംശയം തോന്നി. കഴിഞ്ഞ ആഴ്ചയാണെങ്കിൽ വീട്ടിലെ പട്ടിക്കു ചെറിയൊരു വയറിളക്കം..”

ഗിൽബർട്ട് എല്ലാം കൃത്യമായി ഓർത്തെടുത്തു പറഞ്ഞു.

“സഹോദരൻ ഇനി മുതൽ സഭയിൽ വരണ്ട. വയറിളക്കവും ഛർദ്ദിയും കുഞ്ഞിക്കല്ല്യാണവും സുന്നത്ത് കല്ല്യാണവും ഒക്കെയുമായി കഴിഞ്ഞു. കൂട്..” മൂപ്പൻ കോപത്തോടെ പറഞ്ഞ് ഫോൺ കട്ട് ചെയ്തു.

ഗിൽബർട്ട് വിറച്ചുപോയി. “ഇനി നാം എന്തു ചെയ്യും?” നമ്മെ സഭയിൽ നിന്നു പുറത്താക്കി. നാം ഇനി എന്തു ചെയ്യും?” ഗിൽബർട്ട് രൂത്തിനെ നോക്കി നെടുവീർപ്പിട്ടു.

“അയ്യോ! ഗിൽബറേട്ടാ സഭയിൽ നിന്നും പുറത്താക്കി എന്നു കരുതി പേടിക്കയൊന്നുംവേണ്ട”. രൂത്ത് പ്രാണനാഥനെ ആശ്വസിപ്പിച്ചു.

“ഇത് നിങ്ങടെ കത്തോലിക്കാ സഭയൊന്നും അല്ല. ഇവിടെ കാര്യങ്ങൾ വളരെ എളുപ്പമാണ്. ഒരു സ്ഥലത്തുനിന്നും പുറത്താക്കിയാൽ വേറെ സ്ഥലത്തേക്ക് ചെല്ലാം. അവര് സ്വീകരിക്കും. **ഇപ്പൊ ആളുകൾ രക്ഷിക്കപ്പെടുന്നത് കുറവാണ്. അതുകൊണ്ട് ഇങ്ങനെ വരുന്നവരെ നോക്കിയാണ് മറ്റുള്ളവർ ഇരിക്കുന്നത്.** അവരുടെ സഭയിൽ ആളുകൾ കൂടുമല്ലോ”

രൂത്തിന്റെ വിശദീകരണം ഗിൽബർട്ടിനെ നന്നായി തണുപ്പിച്ചു.

“കൊള്ളാല്ലോ. കത്തോലിക്കാ സഭയിലാണെങ്കിൽ ഒരു പള്ളീൽ നിന്നും വിലക്കു വന്നാൽ പിന്നെ വെറേ ഒരു പള്ളീലും കയറ്റില്ല. മാത്രമല്ല സ്ഥലം മാറി താമസമായാൽ, മുന്നത്തെ പള്ളീടെ സമ്മതോം വേണം. ഇവിടെ യാതൊന്നും വേണ്ട. ഇതു കൊള്ളാല്ലോ; കലക്കീട്ടൊണ്ട്”.

**********

ഗിൽബർട്ടും ഭാര്യയും വേറൊരു സഭാകൂടിവരവിൽ പോയി. അവിടെയുള്ളവർ സന്തോഷത്തോടെ രണ്ടും കയ്യും നീട്ടി അവരെ സ്വീകരിച്ചു.

‘മുമ്പിലത്തെ സഭാകൂടിവരവിൽ നിന്നും പോരാൻ എന്താ കാരണം?’ അവരാരും ചോദിച്ചില്ല.

‘അവിടെയുണ്ടായിട്ടുള്ള പ്രശ്നം നിങ്ങൾ പറഞ്ഞു പരിഹരിച്ചുവോ?’ അവരാരും ചോദിച്ചില്ല. “ഞങ്ങളുടെ സഭയിൽ ഇപ്പൊ പുതിയൊരു ‘കുടുമ്മം’ കൂടി വരുന്നുണ്ട്” എന്നു മറ്റുള്ളവരുടെ മുന്നിൽ വീമ്പ് പറയാമല്ലോ എന്നോർത്ത് അവിടത്തെ പാസ്റ്ററുടെ മനസ്സ് ആനന്ദനൃത്തം ചവിട്ടി. എല്ലാം ദൈവത്തിന്റെ കൃപ!

“നമുക്ക് ഇവർ പോയിരുന്ന സഭയിലെ നേതൃത്വത്തോട് ഒന്നു കാര്യങ്ങൾ ചോദിച്ചറിയണ്ടേ?” **മൂപ്പന്മാരിൽ ഏറ്റവും വിവരം കുറഞ്ഞ മൂപ്പൻ മറ്റു മൂപ്പന്മാരോട് ചോദിച്ചു.**

“ഹെന്തിന്? അതിന്റെ ആവശ്യമൊന്നുമില്ല, ബ്രദറേ. നമ്മുടെ ചട്ടീല് വന്നു വീഴുന്ന മീന്റെ ആവശ്യല്ലാത്ത കാര്യങ്ങള് നഷ്ടപ്പെടുത്തേണ്ട കാര്യമൊന്നുമില്ല” സീനിയറായ മൂപ്പൻ ഗാംഭീര്യത്തോടെ പറഞ്ഞു.

“എന്നാലും...” വിവരം കുറഞ്ഞ മൂപ്പൻ പരുങ്ങലോടെ തുടർന്നു. “ഒരു സഭാ കൂടിവരവിൽ പൊയ്ക്കൊണ്ടിരുന്ന ഒരാൾക്ക് ഉപദേശപരമായ വിയോജിപ്പുകൾ മൂലം അവിടെ നിന്നും മാറാം. വ്യക്തിപരമായ എന്തെങ്കിലും പ്രശ്നമാണ് കാരണമെങ്കിൽ, അതു പറഞ്ഞു തീർക്കാൻ നോക്കിയിട്ട് തീർന്നില്ലെങ്കിൽ അവിടെനിന്നും മാറാം. ഇങ്ങനെയൊക്കെയല്ലേ വേണ്ടത്?”

മറ്റുള്ള മൂപ്പന്മാർ പരസ്പരം നോക്കി ചിരിച്ചു. **സീനിയറായ മൂപ്പൻ ചിരിച്ചുകൊണ്ട്, വിവരം കുറഞ്ഞ മൂപ്പന്റെ പുറത്ത് തട്ടി പറഞ്ഞു:** “ബ്രദറ് കുറച്ചുകൂടി പക്വത നേടാനുണ്ട്. പ്രായോഗികജ്ഞാനവും നേടാനുണ്ട്. സാരമില്ല, ഒക്കെ ശരിയായിക്കൊള്ളും”

*******

ഗിൽബർട്ടിനു പരമസുഖം. പണ്ട് കത്തോലിക്കനായിരുന്നപ്പോൾ പള്ളീ, പട്ടം എന്നൊക്കെ പറഞ്ഞ് എന്ത് ചിലവായിരുന്നു. ഇപ്പോ ഒന്നുമില്ല. ഞായറാഴ്ച സ്തോത്രക്കാഴ്ചയായി അഞ്ചു രൂപയിടും. അതിൽ കൂടുതൽ ചിലവില്ല.

പുതിയ സഭാകൂടിവരവിലും വല്ലപ്പോഴുമേ ഗിൽബർട്ടും രൂത്തും പോകാറുള്ളൂ. മൂപ്പന്മാരെങ്ങാനും അതിന്റെ പേരിൽ ഗുസ്തി പിടിച്ചാൽ വേറെ സഭാകൂടിവരവിലേക്കു പോകും. ഹല്ല പിന്നെ! ചെല്ലുന്നിടത്തെ മൂപ്പന്മാർക്കു ‘ഒരാത്മാവ്’ (ഓ, സോറി, ഒന്നല്ല, രണ്ടാത്മാവ്) വരുന്നതിൽ സന്തോഷം മാത്രമേയുള്ളൂ.

ഇതു നാണം കെട്ട ഏർപ്പാടല്ലേ എന്നു ഓർത്ത് ഗിൽബർട്ട് ഊറിച്ചിരിച്ചു. ചിന്തിച്ചപ്പോൾ ഗിൽബർട്ടിനു കത്തോലിക്കസഭയോടു ഒരു മതിപ്പ് തോന്നാതിരുന്നില്ല. എന്തൊക്കെ ദുരുപദേശങ്ങളുണ്ടെങ്കിലും ഈ വക നാണം കെട്ട, നാറിയ ഏർപ്പാടുകളൊന്നും കത്തോലിക്കാ സഭയിലില്ല.

ഇവിടെ, വചനം ജ്യൂസടിച്ചു കുടിക്കുന്നവർ എന്നഭിമാനിക്കുന്നവരുടെ ഇടയിൽ യാതൊരു നീതിശാസ്ത്രവും (ethics) ഇല്ലെന്ന് ഓർത്തപ്പോൾ, ഗിൽബർട്ടിന് അവരോടു വാസ്തവത്തിൽ പുച്ഛമാണ് തോന്നിയത്. ‘എന്നെപ്പോലെയുള്ളവർക്കു പരമസുഖം’. ഗിൽബർട്ട് പുഞ്ചിരിച്ചു. **(കടപ്പാട്) നന്ദി!!!...**

## 03 വേദപഠനം.......

കേന്ദ്രങ്ങളിലെത്തിക്കാനുള്ള ആസൂത്രിതമായ പ്രവർത്തനങ്ങൾ സാത്താൻ സഭക്കാർ നടത്തുന്നുണ്ട്. പ്രത്യേകിച്ച് വിവാഹമോചനം നേടിയ മാതാപിതാക്കളുള്ളവർ, വിവാഹ മോചനം നേടിയവർ, പ്രണയബന്ധങ്ങൾ തകർന്നവർ, ബിസിനസിലും ജോലിയിലും തകർച്ച നേരിട്ടവർ തുടങ്ങിയവരെ സാത്താൻ സഭക്കാർ പ്രത്യേകം നോട്ടമിടുന്നു.

മറ്റൊരു പ്രചരണ ആയുധം ഇന്റർനെറ്റാണ്. പ്രത്യേകിച്ച് ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയായെ സംസ്ഥാനത്തും ഈ സംഘം ഫലപ്രദമായി ഉപയോഗിക്കുന്നു. ഫെയ്സ്ബുക്കിലൂടെയും മറ്റു സോഷ്യൽ മീഡിയകളിലൂടെയും സൗഹൃദം സ്ഥാപിച്ച് ഇത്തരം സംഘങ്ങളിലേക്ക് ക്ഷണിക്കുന്നു. ഇതിനായി ടെക്നോക്രാറ്റുകളായ സാത്താൻ വിശ്വാസികളുടെ നേതൃത്വത്തിൽ പ്രത്യേക ടീം തന്നെ പ്രവർത്തിക്കുന്നുണ്ട്. അതീവ രഹസ്യസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളുടെ വലയിൽ വീഴാതിരിക്കാൻ യുവജനങ്ങളും മാതാപിതാക്കളും വലിയ ജാഗ്രത പുലർത്തേണ്ടതുണ്ട്.

കടപ്പാട്: സാത്താന്റെ രഹസ്യലോകം, പ്രമോദ് തോമസ്, വേദസാഹിത്യ ബുക്കസ്, കോട്ടയം, പേജ് 76 – 88

Note: ഈ പേജുകൾ എഴുത്തുക്കാരന്റെ (പ്രമോദ് തോമസിന്റെ അനുവാദത്തോടുകൂടെയാണ് പ്രസിദ്ധീകരിക്കുന്നത്). പ്രസിദ്ധീകരിക്കുവാനുള്ള അനുവാദം നൽകിയിട്ടിട്ടുണ്ട്.

## പ്രാർത്ഥനാ സമ്മേളനം

**റാന്നി:** പത്തനംത്തിട്ട മേഖല പി. വൈ. പി. എയുടെ നേതൃത്വത്തിൽ 2016 ജൂലൈ 15 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 4 മണി വരെ ഐ. പി. സി. ബഥേൽ ചർച്ച്, ഇടമൺ – റാന്നിയിൽ നടത്തപ്പെട്ടു. പി. വൈ. പി.എ മേഖല പ്രസിന്റ് പാസ്റ്റർ ബെൻസൻ തോമസ് ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി പാസ്റ്റർ ബിനു കൊന്നപ്പാറ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സുബാഷ് കുമരകം, സ്റ്റേറ്റ് പി.വൈ.പി.എ ജോ. സെക്രട്ടറി ബ്രദർ ജയിസൻ സോളമൻ എന്നിവർ പ്രസംഗിച്ചു. സ്റ്റേറ്റ് ട്രഷറർ ബ്രദർ ജസ്റ്റിൻ നെടുവേലിൽ, ബ്രദർ ജോസി പ്ലാത്താനത്ത്, പാസ്റ്റർ മോനായി എബ്രഹാം എന്നിവർ നേതൃത്വം നൽകി. ലിവിംഗ് മ്യൂസിക്ക് റാന്നി – സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## എക്സൽ വി.ബി. എസ്സ്

**ടൗർസ് വില:** ജൂലൈ 3–6 വരെ ടൗർസ് വില ഇമ്മാനുവേൽ പെന്തെക്കോസ്ത് ചർച്ചിന്റെ ആഭിമുഖ്യത്തിൽ വി.ബി.എസ്സ് നടന്നു. പാസ്റ്റർ സജിമോൻ സക്കറിയ ഉദ്ഘാടനം നിർവ്വഹിച്ചു. ബിനു ജോസഫ് വടശ്ശേരിക്കര ഡയറക്ടറായി പ്രവർത്തിച്ചു.

## 01 ഐ. പി. സി. ഫാമിലി....

ജോർജ്, ബേബി വർഗീസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോൺ തോമസ് കർത്തൃമേശ നടത്തി. പാസ്റ്റർ കെ. സി. ജോൺ കർത്തൃമേശ സന്ദേശം നൽകി. കോൺഫറൻസ് ക്വയർ ഗാനങ്ങളാലപിച്ചു. പാസ്റ്റർ ജോൺ തോമസ്, ജോസ് ശമുവേൽ, സാം വർഗീസ്, സാം മാത്യു, ഷേർളി ചാക്കോ എന്നിവർ നേതൃത്വം നൽകി. അടുത്ത കോൺഫറൻസ് 2017 ജൂലൈ 27 മുതൽ 30 വരെ ന്യൂജേഴ്സി ടൗൺ പ്ലാസാ ഹോട്ടലിൽ വച്ച് നടക്കും. റവ. ജോസഫ് വില്യംസ് (ജനറൽ കൺവീനർ), വർഗീസ് ഫിലിപ്പ് (നാഷണൽ സെക്രട്ടറി), ബാബു കൊടുന്തറ (നാഷണൽ ട്രഷറർ), വെസ്ലി ആലുംമൂട്ടിൽ (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ എൽസി കൊടുന്തറ (ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ് ഭാരവാഹികൾ.

# യോഗ വിശ്വാസത്തിന് ഭീഷണിയാകുമ്പോൾ

**വീക്ഷണം**



റോബിൻ ശാമുവേൽ,
തുവയൂർ

തീർത്തും ഹൈന്ദവ മതാനുഷ്ഠാനവും വിഗ്രഹാരാധനയിൽ അധിഷ്ഠിതവുമായ യോഗ, മാനസിക ശാരീരിക ആരോഗ്യത്തിന് നല്ലതെന്ന പേരിൽ വിശ്വാസ സമൂഹത്തിന് ഭീഷണി സൃഷ്ടിച്ച് കടന്നുകയറ്റം നടത്തുകയാണ്. യോഗാദിനത്തിന്റെ ഒന്നാമത് വാർഷികത്തോടനുബന്ധിച്ച് സർക്കാർ സംവിധാനങ്ങളൊകെ വിനിയോഗിച്ച് 'യോഗ' വൻ പ്രചാരം നേടുകയാണ്.

യോഗയുടെ പ്രചരണമുൾപ്പെടെ ലക്ഷ്യമിട്ട് ആയുഷ് വകുപ്പ് രൂപീകരിച്ച് കേന്ദ്രസർക്കാർ ഇക്കഴിഞ്ഞ ജൂൺ 21-ന് യോഗാദിനമാചരിക്കാൻ മുഴുവൻ സർക്കാർ സ്ഥാപനങ്ങൾക്കും സർക്കുലർ അയക്കുകയുണ്ടായി. ഓഫീസികളിലും തദ്ദേശ സ്ഥാപനങ്ങളിലുമെല്ലാം യോഗ പ്രദർശനം കൃത്യമായ 'പ്രോട്ടോക്കോൾ' പ്രകാരം നടത്താനായിരുന്നു നിർദ്ദേശം. 2015ൽ യോഗാ ദിനാഘോഷത്തെ ആശയപരമായിത്തന്നെ എതിർത്തിരുന്ന സി. പി. ഐ (എം) നേതൃത്വം കൊടുക്കുന്ന കേരളാ ഗവൺമെന്റാകട്ടെ മതത്തിന്റെ ലേബലുകൾ ഒഴിച്ചു നിർത്തി യോഗാ ദിനമാചരിക്കുകയും യോഗയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സെക്രട്ടറിയേറ്റിലും സർക്കാർ സ്ഥാപനങ്ങളിലുമെല്ലാം യോഗാ ചടങ്ങുകൾ നടക്കുകയുണ്ടായി. പാർട്ടിയാകട്ടെ ഒരു പടി കൂടി കടന്ന് 'യോഗാ' പ്രചരിപ്പിക്കാൻ പാർട്ടി സ്ഥാപിച്ച ഇൻഡ്യൻ മാർഷൽ ആർട്സ് അക്കാഡമി & യോഗാ സ്റ്റഡി സെന്ററിന്റെ നേതൃത്വത്തിൽ 'മതേതര യോഗ' തന്നെ സംഘടിപ്പിച്ചു. ആരോഗ്യത്തിനായി കണ്ടുപിടിച്ച ഏതോ ദിവ്യ ഔഷധമാണ് യോഗ എന്ന മട്ടിലുള്ള പ്രചരണങ്ങൾ എവിടെയും നിറയുകയാണ്. ഇത് കണ്ട് മിഴിച്ചു നില്ക്കാനേ ഒരു സാധാരണ വിശ്വാസിക്കു കഴിയുന്നുള്ളൂ.

ശാരീരികമായും മാനസികമായും ആരോഗ്യം പ്രദാനം ചെയ്യും എന്ന ശാസ്ത്രീയ പിൻബലമില്ലാത്ത പ്രചരണത്തിലൂന്നിയാണ് 'യോഗാ' ലോകരാജ്യങ്ങളിലെല്ലാം പ്രചരിക്കുന്നത്. 2104 സെപ്റ്റംബർ 27ന് ഐക്യരാഷ്ട്ര സംഘടനയിൽ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് നടത്തി ഒരു പ്രഭാഷണത്തിലൂടെ ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡി 'യോഗ'യെ തന്ത്രപൂർവ്വം ലോകരാജ്യങ്ങൾക്ക് മുന്നിലേക്ക് അവതരിപ്പിക്കുകയായിരുന്നു. മോഡിയുടെ വാക്ചാതുരിക്കു മുന്നിൽ അംഗരാജ്യങ്ങൾ വീണുപോവുകയായിരുന്നുവെന്ന് പറയാം. ഇതേതുടർന്ന് ജൂൺ 21 യോഗാദിനമായി ആചരിക്കാൻ യു.എന്നിൽ പ്രമേയം അവതരിപ്പിക്കപ്പെട്ടു. വൻ ഭൂരിപക്ഷത്തിലാണ് പ്രമേയം പാസ്സായത്. 193 അംഗരാജ്യങ്ങളിൽ 177 രാജ്യങ്ങളുടെ പിന്തുണയോടെ ജൂൺ 21 യോഗാദിനമായി തെരഞ്ഞെടുക്കപ്പെട്ടു. ഏതാനും ചില മുസ്ലീം രാഷ്ട്രങ്ങൾ മാത്രമാണ് എതിർപ്പുയർത്തിതത്. മുൻപു തന്നെ യോഗാ യു. എൻ. അംഗീകരിച്ചതോടെ വൻ പ്രചാരമാണ് 'യോഗ'യ്ക്ക് ലഭിച്ചത്.

### യോഗ വന്നവഴി...

ഹിന്ദു പുരാണമനുസരിച്ച് ശിവനിൽ നിന്നും ഉത്ഭവിച്ച യോഗയ്ക്ക് 'യോഗ സൂത്രം' എന്ന കൃതിയിലൂടെ പ്രചാരം നല്കിയത് പതഞ്ജലി എന്ന മഹർഷിയാണ്. നിയമങ്ങളിലൂടെയും അഷ്ടാംഗ യോഗക്രമത്തിലൂടെയും ആരോഗ്യമുള്ള മനസ്സും ശരീരവും നേടാൻ യോഗയിലൂടെ കഴിയുമെന്നാണ് ഇവർ പഠിപ്പിച്ചത് (സംഘസന്ദേശ്). യോഗയുടെ പ്രചാരത്തിൽ പ്രധാനിയായിരുന്ന സ്വാമി വിവേകാനന്ദൻ, യോഗയെ വ്യാഖ്യാനിക്കുന്നത് പരാശക്തിയുമായി ആത്മീവിനെ ബന്ധിപ്പിക്കുന്ന അനുഭവമാണ്. യോഗയിലെ പല ആസനമുറകളും ഹൈന്ദവ വിശ്വാസവുമായി ഇഴചേർന്നു കിടക്കുകയാണ്. സൂര്യനമസ്കാരവും, കുണ്ഡലിനി ശക്തിയുണർത്തലും പരബ്രഹ്മവുമായുള്ള ലയനവുമെല്ലാം യോഗയുടെ ഭാഗം തന്നെയാണ്. തീർത്തും മതപരവും ഹൈന്ദവ വിശ്വാസത്തിലധിഷ്ഠിതവുമായതു കൊണ്ട് മാത്രമാണ് ആർ.എസ്.എസ്. സ്ഥാപകനായ കേശവ ബലിറാം ഹെഡ്ഗെവാർ യോഗയും സൂര്യനമസ്കാരവുമൊക്കെ സംഘശാഖകളിൽ നിർബന്ധമാക്കിയത്. ഒരു സ്വയം സേവകൻ കൂടിയായ മോഡി 'യോഗ'യ്ക്ക് നല്കിയ പ്രാധാന്യം ഇതുമായി ചേർത്ത് വായിക്കാവുന്നതാണ്.

### യോഗ മതേതരമാകുമ്പോൾ

ശരീരത്തിനും മനസിനുമൊക്കെ ഗുണം ചെയ്യുന്ന പുതിയ ശാസ്ത്രമായി യോഗ പ്രചരിപ്പിക്കപ്പെടുകയാണ്. 2016 ജനുവരിയിൽ തദ്ദേശ സ്വയം ഭരമ സ്ഥാപനങ്ങൾക്ക് യോഗാ പരിശീലനം സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് അനുമതി നല്കിയ വകുപ്പിന്റെ മന്ത്രിയായിരുന്ന ഡോ. എ. കെ. മുനീർ ഒരു യോഗാചാര്യന്റെ പുസ്തകത്തിന് സ്തുതി പാടിയതും വാർത്തയായിരുന്നു. ഇനി വിദ്യാലയങ്ങളിലും യോഗാ പഠനം വരുന്നുവെന്നാണ് വാർത്തകൾ. കേന്ദ്ര സർക്കാരാകട്ടെ യോഗയെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങിയ ആയുഷ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ യോഗാദിനത്തിൽ യോഗ ഗുരു ബാബാ രാംദേവിന്റെയും ശ്രീ രവിശങ്കറിന്റെയുമൊക്കെ യോഗ പരിപാടികൾ 'ലൈവ്' നല്കി തങ്ങളുടെ നയം വ്യക്തമാക്കിക്കഴിഞ്ഞിരിക്കയാണ്. ഐ.എ.എസ് അക്കാഡമികളിലടക്കം യോഗ പരിശീലനത്തിന്റെ ഭാഗമാക്കുവാൻ പോവുകയാണ്.

ചുരുക്കത്തിൽ നമ്മുടെ വിശ്വാസത്തിനു നേരെയുള്ള കടന്നു കയറ്റമായി വേണം, ഔദ്യോഗിക സംവിധാനങ്ങൾ വഴിയുള്ള യോഗയുടെ കടന്നു കയറ്റത്തെ കാണാൻ. പക്ഷെ നിശബ്ദമായി നാമിന്ന് നോക്കി നില്ക്കയാണ്. നിത്യതയ്ക്കായാണ് മനുഷ്യന്റെ സൃഷ്ടിപ്പ്; അല്ലാതെ പരബ്രഹ്മത്തിൽ ലയിക്കനൊന്നുമല്ലെന്ന് ഏത് വിശ്വാസിക്കും ബോധ്യമുള്ള ഒന്നാണ്. "നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്"(ആവർത്തനം4.19). എന്ന വചനത്തിലൂടെ സൂര്യനമസ്കാരം തുടങ്ങി അന്യദേവനെ കൈക്കൊള്ളുന്ന എല്ലാ പ്രവൃത്തികളെയും ശക്തിയായി എതിർക്കുകയാണ് സത്യവേദപുസ്തകം. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കലെത്തുന്നില്ലെന്നാണ് യേശുക്രിസ്തു പറഞ്ഞത് (യോഹ:14:6).

സർക്കാർ തന്നെ സ്പോൺസർ ചെയ്ത് നടക്കുന്ന 'യോഗ' അടിച്ചേല്പ്പിക്കലുകൾ നമ്മുടെ വിശ്വാസത്തിനു നേരെയുള്ള വെല്ലുവിളിയായി തന്നെ കാണേണ്ടതാണ്. വിശ്വാസത്തിനു നേരെയുള്ള ഇത്തരം ഭീഷണികൾക്കെതിരെ ജാഗരൂകരാവുകയും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കയാണ്. സുവിശേഷ വിരോധികൾ എന്ന പേരിൽ വരുന്നവർ മാത്രമല്ല സുവിശേഷത്തിന് വെല്ലുവിളിയാണ് എന്ന് തിരിച്ചറിയാനും നമ്മുടെ സമൂഹത്തെ ഈ ബോധ്യത്തിലേക്ക് നയിക്കാനുമുള്ള ശ്രമങ്ങൾ സഭാതലങ്ങളിൽ തുടങ്ങേണ്ടിയിരിക്കുന്നു.

## 01 ഏദർ തോട്ടം നിലനിന്നിരുന്ന പ്രദേശത്തെ....

ഗരങ്ങളായ ഉറുക്ക്, ഊർ, ടെൽ ഇറിട് എന്നിവയുടെ ചരിത്രാവശിഷ്ടങ്ങളും ഈ പ്രദേശത്തുണ്ട്.

ഊർ നഗരം അബ്രഹാമിന്റെ ജന്മ സ്ഥലമായ ഊർ എന്ന് വിശ്വസിക്കുന്നു.

ഇറാക്കിലെ പല ചരിത്ര അവശേഷിപ്പുകളും ഐസ് തകർത്തുകളഞ്ഞു. എന്നാൽ ഏദെൻ തോട്ടം സ്ഥിതി ചെയ്ത അഹവർ ചതുപ്പ് പ്രദേശം എതു വിധേനയും സംരക്ഷിക്കും എന്ന് ഇറാക്കി പ്രധാനമന്ത്രി ഹൈദർ അൽ-അബാധി പറഞ്ഞു. ഇറാക്കിലെ പ്രമുഖ നദികളായ യൂഫ്രട്ടീസും ടൈഗരിസും ഒരുമിച്ചൊഴുകുന്ന ഏക സ്ഥലവും അഹവരാണ്. വെള്ളത്താൽ നിറയപ്പെട്ട ദേശമായതുകൊണ്ട് ഇവിടുത്തെ ജനങ്ങൾ തടികൊണ്ട് ഉണ്ടാക്കിയ പ്രത്യേക ബോട്ടിലാണ് സഞ്ചരിക്കുന്നത്.

ബാബേൽ ഗോപുരവും ഈ പ്രദേശത്താണ് നിലനിന്നിരുന്നത് എന്ന് ചരിത്രകാരന്മാർ വിശ്വസിക്കുന്നു.

രക്തം മരവിപ്പിക്കുന്ന വാർത്തകൾ മാത്രം വരാറുള്ള ഇറാക്കിൽ നിന്ന് വന്ന ഈ വാർത്ത ബൈബിൾ വിശ്വസിക്കുന്നവർക്ക് ഉത്തേജനമാകും.

## കല്ലുകടി

### നീയോ തിമൊഥെയൊസേ സഭയ്ക്കെതിരെ കേസ് കൊടുത്തുകൊൾക

തിമൊഥെയൊസുമാരെ സൃഷ്ടിക്കുന്ന ഒരു സ്ഥാപനം കേരളത്തിലുണ്ട്. കേരളം എങ്ങും ഓടി നടന്ന് കുഞ്ഞുങ്ങളെ തിമൊഥിമാരാക്കുന്ന വലിയ ജോലിയാണ് അവരുടേത്. അവരുടെ പ്രധാന നേതാവിന്റെ ശുശ്രൂഷയാകട്ടെ സായ്പിന്റെ സഭയിലെ പൊളിറ്റിക്സ് കളിക്കുക എന്നതും. താൻ എന്തൊക്കൊയോ ആണെന്ന ഒരു ഭാവം ഈ കക്ഷിക്ക് ഉണ്ടുതാനും. കുണ്ടികുലുക്കി പക്ഷി നാട്ടിൻപുറങ്ങളിലെല്ലാം സർവ്വസാധാരണമാണ്. അത് എവിടിരുന്നാലും കുലുങ്ങിക്കൊണ്ടേയിരിക്കും. മട്ടും ഭാവവും കണ്ടാൽ ഈ ഭൂഗോളത്തെ താങ്ങിനിർത്തുന്നതിന്റെ ബദ്ധപ്പാടിൽ ബാലൻസ് പിടിക്കുന്നതാണെന്ന് തോന്നിപ്പോകും. ചർച്ച് ഓഫ് ഗോഡിനെക്കുറിച്ച് വേവലാതിപ്പെടുന്ന ഇദ്ദേഹം ഇടക്കാലത്ത് ഐ. പി. സി. പ്രസ്ഥാനവുമായി ബന്ധപ്പെട്ടായിരുന്നു പോയിരുന്നത്. പതിറ്റാണ്ടുകളുടെ പാരമ്പര്യം ചർച്ച് ഓഫ് ഗോഡിൽ പറയുന്ന ഈ നവ തിമൊഥി സായ്പിന്റെ സഭാ ആസ്ഥാനത്ത് ഐ. പി. സി. സഭ വന്നതിന്റെ ചരിത്രംകൂടി രേഖപ്പെടുത്തിയിരുന്നെങ്കിൽ നന്നായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് വളരെ വേദനയാണത്രെ. വേദനയുടെ കാരണം വളരെ രസാവഹമാണ്. ഇനിയും ഓവർസീയർ ഇലക്ഷനുമായി ബന്ധപ്പെട്ട് അദ്ദേഹവും കൂട്ടരും കോടതിയിൽ കേസ് കൊടുക്കും. അതിനെ പ്രതിരോധിക്കാൻ സഭ പണം മുടക്കേണ്ടിവരും. സഭ ധാരാളം പണം മുടക്കേണ്ടിവരുമല്ലോ എന്നതാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ വേദന. അതിന് അദ്ദേഹം നിർദ്ദേശിക്കുന്നത് തെരഞ്ഞെടുപ്പ് നടത്താതെ ഇപ്പോഴത്തെ ആളിനെ തുടരാൻ അനുവദിക്കുക. എങ്ങനെയുണ്ട് ബുദ്ധി. സഭയുടെ പണം നഷ്ടപ്പെടുത്താതെ ഇരിക്കുവാൻ തിമൊഥി ഒരു കാര്യം ചെയ്താൽ പോരേ. സഭയ്ക്കെതിരെ കേസ് കൊടുക്കാതിരിക്കുക. സഭയുടെ നിയമം അനുസരിക്കുക. ഭാവിക്കേണ്ടതിനു മീതെ ഭാവിച്ച് ഉയരാതിരിക്കുക. സംഗതി സിംപിൾ എല്ലാം ശുഭം.

**അടിക്കുറിപ്പ്:** ഇവർ പടച്ചിറക്കുന്ന ആധുനിക തിമൊഥിമാരെക്കുറിച്ച് ഓർക്കുമ്പോൾ ഇപ്പോഴെ ഒരു ഞെട്ടൽ ഉണ്ടാകുന്നു.

## 01 ചർച്ച് ഓഫ് ഗോഡ് ഇലക്ഷൻ....

രുന്നു. ഇങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. പോളിംഗ് ഓഫീസറുടെ ഏകപക്ഷീയമായ തീരുമാനമായിരുന്നു അത്. പോളിംഗ് ഓഫീസറുടെ കുറ്റകരമായ അനാസ്ഥയും കൃത്യവിലോപവുമാണ് ഇതിനു കാരണം. ഇലക്ഷന്റെ ചുമതല കൗൺസിൽ സെക്രട്ടറിയെ ഏല്പിച്ചത് നേതൃത്വത്തിന് വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയത്.

സ്റ്റേറ്റ് കൗൺസിലിൽ 10 വോട്ട് നേടിയ പാസ്റ്റർ സി. സി. തോമസിനെ നിയമിക്കാനുള്ള സാഹചര്യത്തെ തടസ്സപ്പെടുത്താൻ വേണ്ടി വീണ്ടും കോടതിയിൽ കേസു കൊടുത്തവർ ഇപ്പോൾ വെട്ടിലായിരിക്കുകയാണ്. വീണ്ടും തെരഞ്ഞെടുപ്പ് നടത്താനുള്ള വേൾഡ് മിഷന്റെ നീക്കം കോടതി വ്യവഹാരങ്ങൾക്ക് തിരിച്ചടിയുണ്ടാകുമെന്നാണ് നിയമ വൃത്തങ്ങൾ പറയുന്നത്. ഇനിയും ഇലക്ഷൻ തടഞ്ഞാൽ കൗൺസിലിന്റെ പിന്തുണയുള്ള പാസ്റ്റർ സി. സി. തോമസിനെ ഓവർസീയറായി നിയമിക്കാനാണ് അന്തർദേശീയ നേതൃത്വത്തിന്റെ ആലോചന. കഴിഞ്ഞ ചില മാസങ്ങളായി മുളക്കുഴയിൽ അരങ്ങേറുന്ന സംഘർഷങ്ങളുടെ പിന്നിൽ ഓവർസീയറും മുൻ കൗൺസിൽ സെക്രട്ടറിയുമാണ്. പാസ്റ്റർ സി. സി. തോമസിന്റെ നിയമനം ഉണ്ടാകുമെന്ന് ഭയപ്പെട്ട മുൻ കൗൺസിൽ സെക്രട്ടറി അമേരിക്കയിൽ നിന്നുകൊണ്ട് നടത്തിയ ചരടുവലികളാണ് രണ്ടാമത്തെ കേസിന്റെ പിന്നിലെ ഗൂഢാലോചന.

നാലുവർഷത്തെ ദയനീയമായ ഭരണ പരാജയം ഏറ്റുവാങ്ങി പാസ്റ്റർ പി. ജെ. ജെയിംസ് പുറത്തേക്ക് പോകുകയാണ്. സഭാ വളർച്ചയിലെ മുരടിപ്പ്, ആത്മീക മന്ദത, കൗൺസിലിനെ നോക്കുകുത്തിയാക്കി നടത്തിയ ഏകാധിപത്യ ഭരണം, ശുശ്രൂഷകന്മാർക്ക് എതിരെയുള്ള കയ്യേറ്റം, ഏഷ്യൻ സൂപ്രണ്ടിനെ അറസ്റ്റ് ചെയ്യാൻ നടത്തിയ ഗൂഢാലോചന, അനാവശ്യ കോടതി കേസുകൾ, സ്ഥലംമാറ്റത്തിലെ പാളിച്ചകൾ, മലമുകൾ, തുവയൂർ, മാത്ര സഭകളിൽ നടന്ന അടിപിടി, മഴുക്കീർ, നെടുങ്കണ്ടം, കോട്ടയം, ഞക്കനാൽ തുടങ്ങിയ സഭകളിലെ പ്രശ്നങ്ങൾ, വിവിധ സാമൂഹിക വിഭാഗങ്ങളെ വംശീയമായി അധിക്ഷേപിച്ചത്, ഉപജാപകസംഘത്തിന്റെ സെൽ ഭരണം, സാമ്പത്തിക അഴിമതി, ധാർമ്മിക തകർച്ച, സദാചാരലംഘനം നടത്തുന്നവരെ വെള്ള പൂശുന്നത് തുടങ്ങിയവയെല്ലാം തെരഞ്ഞെടുപ്പിൽ ചർച്ചയാകും. ദൈവസഭയുടെ ചരിത്രത്തിൽ നടത്തിട്ടില്ലാത്ത സംഘർഷങ്ങളും അധിക്ഷേപങ്ങളുമാണ് നാല് വർഷം അരങ്ങേറിയത്.

ദൈവസഭയുടെ ഭാവി നിർണ്ണയിക്കുന്ന നിർണ്ണായക തെരഞ്ഞെടുപ്പിൽ പാസ്റ്റർ സി. സി. തോമസിന് പിന്തുണ വർദ്ധിക്കുകയാണ്. വൈ. പി. ഇ. പ്രസിഡന്റ്, ഡിസ്ട്രിക്ട് പാസ്റ്റർ കൗൺസിൽ മെമ്പർ, സെമിനാരി അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. പാസ്റ്റർ സി. സി. തോമസിന്റെ വളരെ പ്രതീക്ഷയോടെയാണ് ശുശ്രൂഷകന്മാർ കാണുന്നത്. ശുശ്രൂഷകന്മാരുടെ ക്ഷേമം, സഭാ വളർച്ച, യുവശുശ്രൂഷകന്മാരുടെ ശാക്തീകരണം, രണ്ടാം നിര നേതൃത്വത്തിന്റെ രൂപീകരണം, സാമ്പത്തീക സുതാര്യത, അഴിമതി രഹിത ഭരണം, ഉപജാപസംഘങ്ങളെ ഒഴിവാക്കി ഓഫീസ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക, വിശ്വാസികൾക്ക് ഭരണത്തിലും സുവിശേഷീകരണത്തിലും പങ്കാളിത്തം നൽകുക, കൃപാവര സമൂഹമായി സഭയെ മാറ്റുക എന്നീ ഉറച്ച നിലപാടുകളുമായിട്ടാണ് പാസ്റ്റർ സി. സി. തോമസ് തെരഞ്ഞെടുപ്പിനെ നേരിടുന്നത്. പാസ്റ്റർ സി. സി. തോമസിനെതിരെ നടത്തിയ നികൃഷ്ടമായി സ്വഭാവഹത്യകരും നുണ പ്രചാരണങ്ങളും ശുശ്രൂഷകന്മാർ ചവറുകൊട്ടയിൽ വലിച്ചെറിയുമെന്നാണ് ശുശ്രൂഷകന്മാരുടെ അഭിപ്രായം. തെരഞ്ഞെടുപ്പിൽ തോല്പിക്കാൻ വേണ്ടി നേതൃത്വവും എതിർ സ്ഥാനാർത്ഥിയും നടത്തുന്ന തരംതാണ രാഷ്ട്രീയ കളിയ്ക്ക് ശക്തമായ മറുപടി നൽകുമെന്നാണ് യുവശുശ്രൂഷകന്മാർ അഭിപ്രായപ്പെടുത്തുന്നത്. തരംതാണ രാഷ്ട്രീയം, പ്രശ്നങ്ങൾ കോടതിയിലേക്ക് വലിച്ചു നീട്ടിയത്, നുണപ്രചാരണം, അവിഹിതമായ സ്വത്ത് സമ്പാദനം, സാമ്പത്തിക തിരിമറി, സ്ഥാനങ്ങൾ ഓഫർ ചെയ്ത് ശുശ്രൂഷകന്മാരെ പാട്ടിലാക്കാൻ നടത്തുന്ന വഞ്ചനാപരമായ രാഷ്ട്രീയം ഇതെല്ലാം ചർച്ചയാകും. മിഷൻ വൈദഗ്ധ്യവും അക്കാദമിക് പശ്ചാത്തലവും ഊർജ്ജസ്വലതയുമുള്ള പാസ്റ്റർ സി. സി. തോമസിന്റെ, വിജയം സുനിശ്ചിതമാണെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്.

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 15

BELIEVERS JOURNAL

PUBLISHED ON 10/08/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# ബ്രിട്ടനും യൂറോപ്യൻ യൂണിയനും



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

യൂറോപ്പിലുള്ള 28 രാജ്യങ്ങളുടെ പൊതുവായ കൂട്ടായ്മയെ ആണ് യൂറോപ്യൻ യൂണിയൻ എന്ന പേര് കൊണ്ട് അർത്ഥമാക്കുന്നത്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞനന്തരം ലോകത്തിൽ സംജ്ജാതമായ സാമ്പത്തീക മാന്ദ്യമാണ് ഇത്തരം ഒരു പൊതു കൂട്ടായ്മയിലേക്ക് തിരിയുവാൻ യൂറോപ്യൻ രാജ്യങ്ങളെ പ്രേരിപ്പിച്ചത്. 1950-ൽ ഫ്രാൻസും ജർമ്മനിയുമാണ് ഏകീകൃത യൂറോപ്പ് എന്ന ഈ ആശയം മുന്നോട്ട് വെച്ചത്. അങ്ങനെ തുടക്കത്തിൽ ആറു രാജ്യങ്ങളും പിന്നി 1957-ൽ ഉണ്ടാക്കിയ പൊതുവായ കരാറിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റി എന്ന നാമകരണത്തോടെ യൂറോപ്യൻ യൂണിയൻ ഉണ്ടായി. 1973-ലാണ് ബ്രിട്ടൺ ഇതിന്റെ അംഗമാകുന്നുത്. രണ്ടാം ലോകമഹയുദ്ധം വരെ പരസ്യമായ് പരസ്പരം പോരടിച്ചിരുന്ന രാജ്യങ്ങൾ ഏകീകൃത സ്വഭാവത്തോടെ ഒരു കൊടിയുടെ കീഴിൽ അണിനിരന്നപ്പോൾ ജനസമുദായ കടലിൽ അമർന്നു പോയ പഴയ റോമാ സാമ്രജ്യത്തിന്റെ ഉയിർത്തേഴുന്നേല്പായി ഏവരും കണ്ടു. യൂറോപ്യൻ ഏകീകരണം എന്ന ചിന്തയെ വെറും വാക്കിലൊതുങ്ങാതെ സാമ്പത്തിക മേഖലയിൽതന്നെ തുറന്ന സമീപനവും ഉദാരവൽക്കരണവും നടപ്പാക്കി സാംസ്കാരികമായും സാമ്പത്തികമായും വിവിധ തട്ടുകളിൽ കഴിഞ്ഞിരുന്ന യൂറോപ്യൻ രാജ്യങ്ങളേ ഒരേ ചങ്ങലയിൽ ബന്ധിക്കാൻ ഇടയാക്കി. യൂറോ എന്ന നാണയവ്യവസ്ഥിതി ഏകീകൃത യൂറോപ്പിന്റെ മുഖമുദ്രയായി മാറി. അനാവശ്യമായ നികുതികളും ചെലവും ചുരുക്കുക, ടൂറിസം വർദ്ധിപ്പിക്കുക, സമ്പദ്‌വ്യവസ്ഥിതിയെ കൂടുതൽ സുതാര്യമാക്കുക എന്നീ ലക്ഷ്യങ്ങളായിരുന്നു പരക്കെ പ്രദർശിപ്പിച്ചതെങ്കിലും യൂറോപ്പിന്റെ ഏകീകരണം വിവിധ ബൈബിൾ പ്രവാചനങ്ങളുടെ സങ്കലനമായിരുന്നുവെന്ന് ദൈവവചന പഠിതാക്കൾ സംശയലേശമെന്യേ വിശ്വസിക്കുന്നു.പരസ്പരം സാഹോദര്യത്തോടെ പെരുമാറി അതുവരെ ഉണ്ടായിരുന്ന അവസ്ഥ മാറ്റി, യുദ്ധരഹിതമായ സമാധാനരപൂർണമായ യുറോപ്പ് എന്നതായിരുന്നു പൊതു തത്വം. സാമ്പത്തീകമായി ഉയർന്ന രാജ്യങ്ങൾ സാമ്പത്തീകമായി കുറവുള്ള രാജ്യങ്ങളെ സഹായിക്കയും ചെയ്ത്, യൂറോപ്പ് മുഴുവൻ ഏകീകൃത ഭരണത്തിൻ കീഴിൽ കൊണ്ടു വന്ന് വ്യാപരവും വിപണനവും ഏകീകരിക്കുക എന്നതും യൂറോപ്യൻ യൂണിയൻ ലക്ഷ്യമായിരുന്നു. ആ ലക്ഷ്യത്തിലേക്കുള്ള ചുവടുവെയ്പിൽ പൊതുവായ പാർലമെന്റും കോടതികളും നിയമവും അവർ ഉണ്ടാക്കി. യൂറോപ്പിലെ ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തേക്ക് സഞ്ചരിക്കുവാൻ പാസ്സ്പോർട്ട് മാത്രം മതി എന്നതിന് പൊതുവായ പാസ്പോർട്ട് കൊണ്ടു വരുകയും, അതിൽ 19 രാജ്യങ്ങൾ അംഗങ്ങളായി അവർക്ക് യൂറോ എന്ന ഏകീകൃത നാണയവും ഉണ്ടായി. യൂറോപ്യൻ കമ്മീഷൻ, യൂറോപ്യൻ പാർലമെന്റ്, യൂറോപ്യൻ യൂണിയൻ കൗൺസിൽ നീതിന്യായ കോടതി എന്നിങ്ങനെ യുറോപ്യൻ യൂണിയനെ യോജിപ്പിച്ച് പ്രവർത്തിപ്പിക്കാൻ നാലു പ്രധാന സ്ഥാപനങ്ങൾ ഉണ്ട്. .ഇതിനെയാണ് പുനരുജ്ജീവിപ്പക്കപെട്ട റോമാ സാമ്രാജ്യം എന്ന് പറയുന്നത്



**പൗരാണിക റോമാ സാമ്രജ്യം**

ലോകത്തിലുണ്ടായിട്ടുള്ള ഏറ്റവും സമർത്ഥനും ധീരനുമായ യുദ്ധവീരന്മാരിലൊരാളായ മഹാനായ അലക്സാണ്ടർ ആണ് ക്രി.മു. നാലാം നൂറ്റാണ്ടിൽ മാസിഡോണിയ ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ സേനാനായകന്മാരും പ്രഭുക്കന്മാരും രാജ്യം പങ്കുവക്കാൻ തുടങ്ങി. ഇത് ക്രി.മു.30 വരെ തുടർന്നു. ഈ കാലഘട്ടം ഹെല്ലനിക് സംസ്കാരം (ഹെല്ലനിക് യുഗം) എന്നറിയപ്പെട്ടു. സാംസ്കാരികവും സാമ്പത്തികവുമായി മാനവരാശിക്ക് നിസ്തുലമായ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള നിരവധി തത്ത്വചിന്തകരും ചരിത്രകാരന്മാരും ശാസ്ത്രജ്ഞരും ഗവേഷകരും ഇക്കാലത്ത് ജീവിച്ചിരുന്നു. എന്നാൽ ഹെല്ലനിക് സംസ്കാരം ശക്തി ക്ഷയിച്ചു തുടങ്ങുന്നതിനു മുൻപേ തന്നെ മറ്റൊരു ശക്തി യൂറോപ്പിലുദിച്ചിരുന്നു. ഇറ്റലിയിലെ നദിയായ ടൈബർ തീരത്ത് വളർന്നു വന്ന റോം നഗരമായിരുന്നു അത്. ആദ്യകാലങ്ങളിൽ ഗ്രീക്ക് നഗരരാഷ്ട്ര ങ്ങളെപ്പോലെയായിരുന്നു റോമും. ഏതാനും നൂറ്റാണ്ടുകൾ കൊണ്ട് അവർ പ്രബലരാവുകയും ഒരു വലിയ സാമ്രാജ്യം രൂപം കൊള്ളുകയും ചെയ്തു.

റോമാ നഗരത്തിന്റെ ആദിമചരിത്രം ഇന്നും അജ്ഞാതമാണ്. പ്രാചീന ശിലായുഗത്തിന്റെ അന്ത്യത്തിൽ ഫ്രാൻസിലെ ക്രോമാഗ്നൻ വർഗക്കാരോട് അടുത്ത ബന്ധമുള്ള ഒരു ജനത ഇറ്റലി കേന്ദ്രമാക്കി ജീവിച്ചിരുന്നതായി തെളിവുകളുണ്ട്. നവീന ശിലായുഗത്തിൽ മെഡിറ്ററേനിയൻ വർഗ്ഗക്കാർ ആഫ്രിക്കയിൽ നിന്നും സ്പെയിൻ, ഗ്വാൾ എന്നിവിടങ്ങളിൽ നിന്നും ഇവിടേക്ക് കുടിയേറിപ്പാർത്തു തുടങ്ങി. വെങ്കല യുഗത്തിന്റെ ആരംഭത്തിൽ തന്നെ ഹെല്ലൻ വർഗത്തിനോട് സാദൃശ്യമുള്ള ഇൻഡോ യൂറോപ്യന്മാർ കുടിയേറി. ഇവരിൽ പ്രധാന ഗോത്രക്കാരായ ലത്തീൻകാർ ടൈബർ നദിയുടെ തീരത്ത് താമസമാക്കി. അവർ അധിവസിച്ച പ്രദേശത്തിന് ലാറ്റിയം എന്നു പേര് വന്നു. ലാറ്റിയത്തിലെ ഏറ്റവും പ്രധാന നഗരമായിരുന്നു റോമാ നഗരം ഇത് സ്ഥാപിച്ചത് ഇരട്ട സഹോദരന്മാരായ റോമുസ് റോമുലുസ് എന്നിവരാണ്.

(തുടരും..)

# പ്രസ്താവന

**കർത്താവിൻ പ്രിയ ദൈവദാസനും കുടുംബത്തിനും സ്നേഹവന്ദനം**

കർത്തൃദാസനും കുടുംബവും ദൈവകൃപയാൽ ക്ഷേമമായിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. നാളിതുവരെ എനിക്കും കുടുംബത്തിനുംവേണ്ടി പ്രാർത്ഥിച്ച ഏവർക്കും നന്ദി അറിയിക്കട്ടെ.

പൈതൃകമായ മാർത്തോമ്മാ പശ്ചാത്തലത്തിൽനിന്നുമാണ് ഞാൻ രക്ഷാനിർണ്ണയം പ്രാപിക്കുന്നത്. കോളേജ് വിദ്യാഭ്യാസം പൂർത്തീകരിച്ച ഞാൻ വ്യക്തമായ ദൈവീക വിളിയുടെ അടിസ്ഥാനത്തിലാണ് ഈ മഹത്തായ ശുശ്രൂഷ ഏറ്റെടുത്തത്. എന്നെ വിശ്വസ്തനന്നെണ്ണി എന്നോട് കൃപതോന്നിയ ദൈവത്തിന് സകല മഹത്വവും അർപ്പിക്കുന്നു. ഭാരതത്തിനകത്തും പുറത്തും വിവിധ സെമിനാരികളിൽ വേദപഠനം പൂർത്തിയാക്കിയ ഞാൻ ഓപ്പറേഷൻ മൊബലൈസേഷൻ എന്ന ലോക സുവിശേഷീകരണ സംഘടനയിൽ ചേർന്നു പ്രവർത്തിച്ചു. ഇതോടെയാണ് എന്റെ മിഷൻ കാഴ്ചപ്പാടുകൾക്ക് ചിറകു വയ്ക്കുന്നത്. ലീഡർഷിപ്പ് തത്വങ്ങൾ ഞാൻ മനസ്സിലാക്കുന്നതും ഇവിടെനിന്നുമാണ്. ചർച്ച് ഓഫ് ഗോഡ് എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത് വലിയ അഭിമാനമായി ഞാൻ കണക്കാക്കുന്നു. മലങ്കരയിൽ ഉണർവ്വിന്റെ തീജ്വാലയ്ക്ക് ബീജവാപം നൽകിയ ആർ.എഫ്. കുക്ക്, എ.ആർ.റ്റി. അതിശയം, റ്റി.എം.വർഗ്ഗീസ് തുടങ്ങിയ പൂർവ്വസൂരികൾ നട്ടുവളർത്തിയ ദൈവസഭയാം പൂന്തോട്ടത്തിലെ പുഷ്പങ്ങളാകാൻ നമുക്ക് കഴിഞ്ഞത് ഈ ആയുസ്സിലെ സുകൃതം തന്നെയാണ്. ഏറെ പ്രതിസന്ധികൾ ആഞ്ഞടിച്ചിട്ടും ദൈവം തന്റെ തോട്ടത്തെ വേലികെട്ടി സൂക്ഷിച്ചു. നേതൃത്വസമ്പന്നമായ ഈ പ്രസ്ഥാനത്തിന് ദൈവം വിലപ്പെട്ട കർത്തൃ ദാസന്മാരെയാണ് നൽകിയത്. മുൻ കാലങ്ങളിൽ സഭയെ നയിച്ച അവരുടെയെല്ലാം ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഓർമ്മിക്കപ്പെടും.

വിവിധ നിലകളിൽ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ എനിക്കും നിങ്ങൾ അവസരം നൽകി. യൂത്ത് ബോർഡ് മെമ്പർ, വൈ.പി.ഇ ആക്ടിംഗ് പ്രസിഡന്റ്, ബൈബിൾ കോളേജ് അദ്ധ്യാപകൻ, അഡ്മിനിസ്ട്രേറ്റർ, കൗൺസിൽ അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ, വൈ.പി.ഇ. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞു. എന്റെ പരിമിതികളിൽ നിന്നുകൊണ്ട് നന്നായി സഭാ പ്രവർത്തനം നടത്തി എന്നാണ് എന്റെ വിശ്വാസം. ദൈവസഭയിലെ ശുശ്രൂഷകന്മാരെ ആത്മാർത്ഥമായി സ്നേഹിക്കാനും എല്ലാവരെയും തുല്യമായി കാണുവാനും എനിക്കു കഴിഞ്ഞു. നിങ്ങളുടെ സുഖ-ദുഃഖങ്ങളിൽ പങ്കാളികളാകാനും ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. കഷ്ടതയനുഭവിക്കുന്ന ശുശ്രൂഷകന്മാരുടെ ദുരിത ജീവിതം എന്നെ വേദനിപ്പിച്ചിട്ടുണ്ട്. അവിടെയൊക്കെ സ്വാന്തനം എത്തിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. സുവിശേഷവേലയെ ഒരിക്കലും പണ സമ്പാദനത്തിന്റെ ഉപാധിയായി ഞാൻ കണ്ടിട്ടില്ല. സമ്പത്ത് വാരിക്കൂട്ടി പണിതെടുത്ത കോർപ്പറേറ്റ് സാമ്രാജ്യത്തിന്റെ മട്ടുപ്പാവിൽ നിന്നുകൊണ്ടല്ല ഞാൻ ഇതെഴുതുന്നത്. മറിച്ച് സ്നേഹ ബന്ധങ്ങൾകൊണ്ട് വിളക്കിച്ചേർത്ത പ്രകാശ ഗോപുരത്തിന്റെ മുറ്റത്ത് നിന്നു കൊണ്ടാണ്. നമ്മുടെ വാക്കും ജീവിതവും രണ്ടാകുമ്പോൾ, പകയും വൈരാഗ്യവും കൈമുതലാക്കി സഹോദരനെ ഒടുക്കാൻ ഇരുട്ടിന്റെ മറവിൽ ഗൂഢാലോചന നടത്തുമ്പോൾ, നമ്മുടെ പ്രസംഗം കേൾക്കുന്നവർ നമ്മെ കൂക്കിവിളിക്കും എന്നോർക്കുക. എനിക്ക് അമിത അവകാശവാദങ്ങൾ ഇല്ല. നിങ്ങളുടെ സഹോദരനായി നിങ്ങളോടൊപ്പം ജീവിക്കാൻ എനിക്കു കഴിഞ്ഞു.



2008-ൽ ടെന്നസിയിലുള്ള ടൈനർ ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായി ചുമതലയേൽക്കാൻ ഞാൻ അമേരിക്കയിലേക്കുപോയി. അവിടെ എത്തി മാസങ്ങൾ പിന്നിട്ടപ്പോൾ പ്രതിസന്ധിയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങി. ക്രൂരമായ സ്വഭാവഹത്യയിലൂടെ പൊതു സമൂഹത്തിൽ എന്നെയും കുടുംബത്തെയും അപമാനിക്കുന്നതിനുവേണ്ടി ചിലർ ഗൂഢാലോചന നടത്തി. ഒരു പത്രത്തിന് പണം നൽകി സ്വാധീനിച്ച് ദൈവസഭയിലെ ചിലർ തനിക്കെതിരെ അപവാദ പ്രചരണങ്ങൾ നടത്തി. അപമാനത്തിന്റെ കൊടുങ്കാറ്റിൽ നെഞ്ചുപിളർക്കുന്ന വേദനയുമായി ഞങ്ങൾ ശുശ്രൂഷയിൽ തുടർന്നു. ദൈവസഭയൂടെ നേതൃത്വപദവിയിലേക്ക് ഞാൻ എത്തും എന്ന ദീർഘവീക്ഷണത്തോടെ മനസ്സിലാക്കിയ കേന്ദ്രങ്ങളാണ് ഈ ഗൂഢാലോചനക്ക് പിന്നിൽ. നിറം പിടിപ്പിച്ച നുണക്കഥകളുടെ അച്ചുനിരത്തിയ മാദ്ധ്യമ സ്ഥാപനം ഇന്നില്ല. കള്ളക്കഥകൾ പടച്ചുണ്ടാക്കിയ പത്രാധിപരും ഇന്ന് ജീവിച്ചിരിപ്പില്ല. ന്യായമായി വിധിക്കുന്നവന്റെ കയ്യിൽ എല്ലാം സമർപ്പിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടെയും ഞങ്ങൾ ദിനരാത്രങ്ങൾ കരഞ്ഞുതീർത്തു. അന്നെല്ലാം എനിക്ക് കരുത്തു നൽകിയത് എന്റെ സഭയുടെയും കുടുംബത്തിന്റെയും നിങ്ങൾ ഓരോരുത്തരുടെയും അകമഴിഞ്ഞ പ്രാർത്ഥനയും പിന്തുണയുമാണ്. ദൈവസഭയിൽ ഇതുപോലെ ക്രൂരമായി വേട്ടയാടപ്പെട്ട ഒരു ശുശ്രൂഷകൻ വേറെ ഉണ്ടാകുമോ എന്നറിയില്ല. എന്തിനാണ് എന്നെ പിന്തുടർന്ന് ഇനിയും ആക്രമിക്കുന്നത്. ദൈവസഭയുടെ നേതൃത്വത്തിൽ ആരുവരണമെന്ന് തീരുമാനിക്കുന്നത് ദൈവവും ശുശ്രൂഷകന്മാരും അന്തർദ്ദേശിയ നേതൃത്വവുമാണ്. ശുശ്രൂഷകന്മാരുടെ സമ്മതിദാന അവകാശത്തിലൂടെ അവർ തീരുമാനിക്കട്ടെ. ആ തീരുമാനം ഞാനും അംഗീകരിക്കും. എനിക്ക് ആരോടും പകയില്ല. അധിക്ഷേപങ്ങൾ എന്നെ തളർത്തിയില്ല; ശക്തമാക്കുകയാണ് ചെയ്തത്. എനിക്കെതിരെ ഊമക്കത്തുകൾ പ്രചരിപ്പിച്ചും ഫോൺവിളിച്ചും അപവാദങ്ങൾ പ്രചരിപ്പിക്കുന്ന കെണിയിൽ നിങ്ങൾ വീഴരുത്. എന്റെ ജീവിതം തുറന്ന പുസ്തകമാണ്. നീതിയുടെ പ്രമാണങ്ങൾ വിട്ട് ഞാൻ ജീവിച്ചിട്ടില്ല. എന്റെ കുടുംബജീവിതം ഊഷ്മളമാണ്. ശിമയി ശപിക്കട്ടെ, ശൗൽ കുന്തമെറിയട്ടെ, യുദ്ധം യഹോവയ്ക്കുള്ളതും.

ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. ശുശ്രൂഷകന്മാരുടെ ക്ഷേമം, ദൈവസഭയുടെ സുസ്ഥിര വളർച്ച, ശുശ്രൂഷകന്മാരും വിശ്വാസികളും തമ്മിലുള്ള ഐക്യം, ആത്മിക ഉണർവ്വ് ഇവ നമ്മുടെ ലക്ഷ്യങ്ങളാണ്. ദൈവസഭയിലെ അവസാനത്തെ വ്യക്തിക്കും നീതി ഉറപ്പാക്കും. കള്ളത്തുലാസും കരിഞ്ചന്തയും അനുവദിക്കില്ല. സ്നേഹവും സമാധാനവും നിലനിൽക്കുന്ന അന്തരീക്ഷം തിരിച്ചുകൊണ്ടുവരും. ആത്മിക ഉണർവ്വിനായി സഭയെ ഒരുക്കും. അതിനായി നമുക്ക് ഒരുമിച്ച് കൈകോർത്ത് നിൽക്കാം.

സ്നേഹത്തോടെ, ക്രിസ്തുവിൽ നിങ്ങളുടെ

പാസ്റ്റർ സി.സി. തോമസ്

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.